# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക | 2016 ഒക്ടോബർ – ഡിസംബർ | ലക്കം: 3



## നിയോഗവഴികളിൽ ഗുരുവെളിച്ചങ്ങളായി...

# ജന്മദിനാശംസകൾ



അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ

നവംബർ 25



അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ

ഡിസംബർ 13



അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ

ഡിസംബർ 5

"ജീവിതം ദൈവത്തിന്റെ അമൂല്യദാനമാണ്. ജീവിതത്തിന്റെ ഉടമസ്ഥതയല്ല കാര്യവിചാരകത്വമാണ് ദൈവം തന്നിരിക്കുന്നത്"

## 2015 ഭദ്രാസന അസംബ്ലി ദൃശ്യങ്ങൾ










"സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു; മശിഹായിൽ ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു."

## ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നടന്ന ആദ്യകുർബ്ബാനയിൽ പങ്കെടുത്തവർ



പുതുവൽ സെന്റ് തോമസ്



കാപ്പിൽ സെന്റ് തോമസ്



കുറത്തികാട് ജെറുശലേം



പന്തളം എം.റ്റി.സി.

"സ്ത്രീ സുരക്ഷാ ഒരു വ്യക്തിയുടെ മാത്രം സംരക്ഷണമല്ല; സമൂഹത്തിന്റെയും സഭയുടെയും സ്വാതന്ത്ര്യത്തിന്റെ പ്രതീകവും പ്രതീക്ഷയും പ്രതികരണവുമാണ്"

## മാർത്തോമ്മാ യുവജനസഖ്യം സ്ത്രീസുരക്ഷാ സെമിനാർ ഉദ്ഘാടനം





"ഉന്നത ദർശനത്തോടെ വർത്തമാനകാലത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തി ഭാവിയിലേക്ക് കുതിച്ചുകയറുവാൻ യുവജനങ്ങൾക്ക് സാധിക്കണം"

## അടൂർ ഭദ്രാസന യുവജനസഖ്യം നേതൃത്വപരിശീലന കളരി









ഹെർമ്മോൻ ദൂതൻ



# ഉള്ളടക്കം


ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

എഡിറ്റോറിയൽ

**6** **വിലങ്ങുകളില്ലാത്ത വിദ്യാലയം**
കുടുംബത്തിൽകൂടി ലഭ്യമാകുന്ന വിദ്യാഭ്യാസത്തിന്റെ മഹത്വത്തെപ്പറ്റി ആധികാരികമായി പറയുന്ന ചിന്തകൾ

**8** **മാതാപിതാക്കൾ: നിയോഗവഴികളിലെ ഗുരുവെളിച്ചങ്ങൾ ജീവിതവഴികളിലെ ഉൾവെളിച്ചങ്ങൾ**
മാതാപിതാക്കളിലൂടെ കൊടുക്കേണ്ട നേർവഴികളെപ്പറ്റിയുള്ള ഉൾക്കാഴ്ചകൾ

**12** **ഇരുപതാം മാർത്തോമ്മാ**
ഡോ. ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ധന്യമായ ജീവിതത്തിലൂടെ ഒരു യാത്ര

**19** **മാതാപിതാക്കൾ മക്കളുടെ സുവിശേഷകർ**
ജീവിതത്തിലൂടെ പകർന്നുനൽകേണ്ട മൂല്യങ്ങളെപ്പറ്റിയുള്ള ഒരന്വേഷണം

**21** **ഗൃഹമെന്ന പാഠശാലയിലെ അദ്ധ്യാപകർ**
ജീവിതത്തിനായി കുഞ്ഞുങ്ങളെ സജ്ജരാക്കേണ്ടുന്ന മാതാപിതാക്കളെപ്പറ്റിയുള്ള ലേഖനം

**24** **ക്രിസ്തുമസ് അമ്മയുടെ കണ്ണുകളിലൂടെ**
അനുകരണീയ മാതൃകയായ മറിയയുടെ ജീവിതാനുഭവം പങ്കുവെയ്ക്കുന്നു

**27** **കൗമാരവും ശാരീരിക മാറ്റങ്ങളും**
കൗമാരപ്രായത്തിലുളവാകുന്ന ശാരീരിക മാറ്റങ്ങളെ അറിയുവാൻ സാധിക്കുന്ന ലേഖനപരമ്പര



പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**വെരി റവ. സ്കറിയാ ഏബ്രഹാം**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കൺവീനർ
**ശ്രീ. എബി പാപ്പച്ചൻ**

കമ്മിറ്റി അംഗങ്ങൾ
**റവ. ജോർജ്ജ് ഏബ്രഹാം**
**ശ്രീ. ജോസഫ് വർഗീസ്**
**ശ്രീ. ഫിലിപ്പ് വർഗീസ്**
**ശ്രീ. ജേക്കബ് ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**



വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org


**വാർഷിക വരിസംഖ്യ – 50/–**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**ക**ർത്താവിൽ പ്രിയരെ,

ഹെർമ്മോൻ ദൂതനിലൂടെ വീണ്ടും നിങ്ങളെ അഭിസംബോധന ചെയ്യുന്നതിന് ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ എല്ലാ ഭവനങ്ങളിലും ഹെർമ്മോൻ ദൂതന്റെ ഒരു പ്രതി എത്തണമെന്നുള്ള ആഗ്രഹം കഴിഞ്ഞ ലക്കത്തോടെ സാധ്യമായി. അതുകൊണ്ടുതന്നെ ഭദ്രാസനത്തിൽ ഉൾപ്പെട്ട ഇടവകകളുടേയും, സെന്റർ- ഭദ്രാസന പ്രവർത്തനങ്ങളുടേയും വിവരങ്ങൾ അറിയുന്നതിന് സാധിക്കുന്നുണ്ടല്ലോ. ഈ ക്രമീകരണങ്ങളോട് പ്രോത്സാഹജനകമായ പ്രതികരണങ്ങൾ ലഭിച്ചതിൽ സന്തോഷിക്കുന്നു. ഇതിന്റെ അച്ചടി സംബന്ധമായ ചെലവിലേക്ക് ഓരോ ഇടവകയും കുടുംബങ്ങളുടെ അംഗസംഖ്യക്ക് അനുസരിച്ച് 50/-രൂപ പ്രകാരം ഭദ്രാസന ഓഫീസിൽ താമസവിനാ അടയ്ക്കേണ്ടതാണ്.

ഓഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച, ഭദ്രാസന ദിനത്തോടനുബന്ധിച്ച് നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കണമെന്ന നിർദ്ദേശം നിറവേറ്റുവാൻ തക്ക ക്രമീകരണം ചെയ്ത ഇടവകവികാരിമാരെയും, ചുമതലക്കാരെയും കൈസ്ഥന സമിതി അംഗങ്ങളെയും അനുമോദിക്കുന്നു. ഭദ്രാസനദിന വിഹിതമായി ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിരിക്കുന്ന തുക 2016 ഒക്ടോബർ 15-നകം അടയ്ക്കുവാനായി ചുമതലക്കാർ ശ്രദ്ധിക്കണം. നമ്മുടെ ഏകവരുമാന മാർഗ്ഗം എന്നനിലയിൽ നിശ്ചിത തുക ലഭിച്ചെങ്കിൽ മാത്രമേ നാം ബഡ്ജറ്റ് ചെയ്തപ്രകാരം ഭദ്രാസന പ്രവർത്തനങ്ങൾ അഭംഗുരം തുടരുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഏവരുടേയും സത്വര ശ്രദ്ധ വീണ്ടും ആവശ്യപ്പെടുന്നു.

നമ്മുടെ ഗഡ്ഗേശ്വർ മിഷൻ സന്ദർശിക്കുന്നതിന് സാധിച്ചു. മിഷൻ പ്രവർത്തനങ്ങൾക്ക് വളരെ സാധ്യതയുള്ള ആ ഭൂപ്രദേശത്ത് അവിടുത്തെ ആവശ്യത്തിലേക്ക് ഒരുകുഴൽ കിണർ നിർമ്മിക്കുന്നതിന് അന്നേദിവസം ഇടയായി. ജല ദൗർലഭ്യമുള്ള ആ സ്ഥലത്ത് ധാരാളം വെള്ളം ലഭിച്ചു എന്നുള്ളത് ഈ പ്രവർത്തനങ്ങളുടെ മേൽ ചൊരിയപ്പെടുന്ന ദൈവകൃപയായി കാണാം. കൂടാതെ ഒക്ടോബർ ആദ്യവാരം തമിഴ്നാട്ടിലെ സത്യവാടി മിഷൻഫീൽഡും സന്ദർശിക്കുന്നതിന് ക്രമീകരണം ചെയ്തിരിക്കുന്നു. ഈ മിഷൻഫീൽഡുകളിലെ ആവശ്യങ്ങൾക്കായി സ്നേഹപൂർവ്വം സംഭാവനകൾ നൽകുന്നതിന് താല്പര്യം കാണിക്കണം.

തേവലക്കര സെന്ററിലെ അച്ചന്മാരുടേയും, ആത്മായരുടേയും ഉത്സാഹത്തിൽ ആ പ്രദേശത്ത് വന്നുപാർക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ഒരു കൂടിവരവ് സെപ്തംബർ 5-ാം തീയതി തേവലക്കര വലിയ പള്ളിയിൽവച്ച് നടത്തുകയുണ്ടായി ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ വന്ന് സംബന്ധിച്ചത് ഈ പ്രവർത്തനത്തിനുള്ള സാധ്യതവെളിവാക്കുന്നതായിരുന്നു. ഇപ്രകാരം പലയിടങ്ങളിൽ ഇവരുടെ കൂടിവരവുകൾ ഉണ്ടാകുന്നതിലൂടെ നമ്മുടെ ക്രിസ്തുസ്നേഹം പങ്കുവയ്ക്കുവാൻ സാധ്യമായിതീരും. ഭദ്രാസന യുവജന സഖ്യത്തിന്റേയും, വികസനസംഘത്തിന്റേയും, സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച കാർഷിക പ്രവർത്തനങ്ങൾ, അനേകയിടങ്ങളിൽ ഊർജ്ജിതമായി നടന്നുവരുന്നു. “ഓണത്തിന് ഒരുമുറം പച്ചക്കറി” എന്ന പേരിൽ ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഇടയായി. ഓണത്തോടനുബന്ധിച്ച് മൂന്ന് ഇടങ്ങളിൽ നമ്മൾ ഉല്പാദിപ്പിച്ച കാർഷികവിഭവങ്ങൾ വിപണനം ചെയ്യുവാൻ സാധിച്ചു, അതിന്റെ ഔപചാരികമായ ഉദ്ഘാടനം സെപ്റ്റബർ 12-ാം തീയതി വൈകിട്ട് 5 മണിക്ക് കായകുളം സെന്ററിലെ കുറത്തികാട് സെന്റ് തോമസ് ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. കൂടാതെ തുവയൂർ സെന്റ് ആൻഡ്രൂസ്, കലയപുരം ശാലേം എന്നീ ഇടവകകൾ കേന്ദ്രമാക്കിയും സമാന ഓണവിപണികൾ ക്രമീകരിച്ചിരുന്നു. കാർഷിക പ്രാധാന്യമുള്ള നമ്മുടെ ഭദ്രാസനം മണ്ണിനോടും, വെള്ളത്തോടും, വായുവിനോടും ബന്ധപ്പെട്ട് ഒരു ജൈവസംസ്കാരം രൂപപ്പെടു

ത്തണമെന്നുള്ള താല്പര്യത്തോടെയാണ് ഈ ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ആരോഗ്യപരിപാലന രംഗത്തും ഏറെ മുന്നേറുവാൻ സാധിക്കും.

തറയിൽകടവിലും പുതുപ്പള്ളിയിലും വിദ്യഭ്യാസ, പോഷകാഹാര, ആരോഗ്യപരിപാലന ശുശ്രൂഷകൾ ക്രമീകൃതമായി തുടരുന്നു. ഒരു ദുർബ്ബല കുടുംബത്തിന്റെ ആരോഗ്യപരിപാലനത്തിനായി പ്രതിമാസം 1000/-രൂപ ക്രമത്തിൽ ഒരുവർഷത്തേക്ക് 12,000/- രൂപ നൽകി ഈ ഉദ്യമത്തിൽ ഏവർക്കും പങ്കാളിയാകാം. കായംകുളം സെന്റർ ഇടവകകളുടെ പ്രധാനമേൽത്തോട്ടത്തിലാണ് ഈ വകപ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഓരോ ഇടവകയും ഇതിലേക്ക് നൽകേണ്ടുന്ന വിഹിതം കല്പനമൂലം അറിയിച്ചിട്ടുള്ളതാണല്ലോ. പ്രസ്തുത തുക എത്രയും വേഗം ഭദ്രാസന ഓഫീസിൽ അടയ്ക്കുന്നതിന് ഉത്സാഹിക്കണമേ.

നമ്മുടെ ഭദ്രാസനത്തിലെ പുതിയ ഇടവകകൾ ചേർന്ന് നടത്തുന്ന കൺവൻഷൻ യോഗങ്ങൾ 2016 ഒക്ടോബർ 28,29 തീയതികളിൽ മണ്ണടി സെന്റ് തോമസ് മാർത്തോമ്മ ഇടവകയിൽവെച്ചും, സംയുക്ത ആരാധനയും, വി.കുർബ്ബാനയും 30-ാം തീയതി ഞായറാഴ്ച രാവിലെ 9.00 മണിക്ക് പുതുശ്ശേരിഭാഗം ബഥേൽ മാർത്തോമ്മ ഇടവകയിൽ വെച്ചും നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു. ഇതിലേക്ക് ഏവരുടേയും പ്രാർത്ഥനപൂർവ്വമായ പങ്കാളിത്തം ഉറപ്പാക്കുവാൻ വികാരിയച്ചന്മാരും സുവിശേഷകരും ഇടവകചുമതലക്കാരും യത്നിക്കേണ്ടതാണ്.

'അനുഗ്രഹ ഡി അഡിക്ഷൻ ആൻഡ് കൗൺസിലിംഗ് സെന്ററിലൂടെ' ഇതിനോടകം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 21 കുടുംബങ്ങൾ 10 ദിവസം നീണ്ടുനിന്ന ക്യാമ്പിൽ സംബന്ധിച്ച് സൗഖ്യജീവിതം നയിക്കുന്നത് എത്ര ആനന്ദകരമാണ്. സെപ്റ്റംബർ 20 മുതൽ 29 വരെയുള്ള തീയതികളിൽ മൂന്നാമത്തെ ക്യാമ്പും നടത്തുന്നതിന് കഴിഞ്ഞു. നമ്മുടെ ഇടവകകളിലും ചുറ്റുപാടും മദ്യപാനരോഗികളെ കണ്ടെത്തി, ഈ ക്യമ്പിലേക്ക് അയയ്ക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കുമല്ലോ. ഒരു കുടുംബത്തിന് 5000/-രൂപയാണ് ക്യാമ്പ്ഫീസ് ഇനത്തിൽ ചെലവാകുന്നത് നിർദ്ധനകുടുംബങ്ങൾക്ക് ഇടവകയായോ, വ്യക്തികളായോ സാമ്പത്തിക സഹായം നൽകി സഹായിക്കുന്നത് പ്രോത്സാഹജനകമാണ്. നമ്മുടെ ഭദ്രാസനം ഒരുലഹരി വിമുക്ത ഭദ്രാസനമായിത്തീരണമെന്ന അതിയായ ആഗ്രഹമാണ് ഈ പ്രവർത്തനങ്ങളുടെ പിന്നിലുള്ളത്.

എല്ലാ മാസത്തിന്റെയും ഒന്നാം ശനിയാഴ്ച രാവിലെ 9.30 മുതൽ സ്പിരിച്ചാലിറ്റി സെന്ററിൽ ക്രമീകരിക്കുന്ന ഉണർവ്വ്യോഗങ്ങളിൽ കൂടുതൽ ആളുകൾ വന്ന് സബംന്ധിക്കുവാൻ താല്പര്യപ്പെടണം. ഉന്നത പഠനത്തിന് ഉത്സാഹം കാണിക്കുന്ന 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് മാർഗ്ഗനിർദ്ദേശക ക്ലാസ്സുകൾ സ്പിരിച്ചാലിറ്റി സെന്ററിൽ ക്രമീകരിച്ചിരിക്കുന്നു. സിവിൽ സർവ്വീസ്പോലുള്ള രംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നതിന് സമർത്ഥരായ യുവതിയുവാക്കളെ ഒരുക്കുക എന്ന താല്പര്യത്തോടെയാണ് ഈ ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. പ്രഗത്ഭരായ അധ്യാപകരുടേയും, സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിലാണ് ക്ലാസ്സുകൾ നടക്കുന്നത്.

വൈവാഹിക ജീവിതത്തിന്റെ ഭദ്രത ഉറപ്പാക്കുവാൻ, വിവാഹത്തിനായി ഒരുങ്ങുന്ന യുവതിയുവാക്കൾക്ക് ക്രമീകൃതമായ രീതിയിലുള്ള ഒരുക്കക്ലാസ്സുകൾ (Pre-Marital Counselling) നാം ഭദ്രാസനമായി ക്രമീകരിച്ചിരിക്കുന്നു. വിവാഹിതരാകുന്ന വരനും, വധുവും, അവരുടെ മാതാപിതാക്കളും ഈ ഒരുക്കക്ലാസ്സുകളിൽ സംബന്ധിക്കുന്നതിന് ഏവരും നിഷ്ക്കർഷ പാലിക്കണം. ഈ വർഷം ക്രിസ്തുമസിനോടനുബന്ധിച്ച് ഭദ്രാസനമായി ഒരു ഗാനസന്ധ്യ ഡിസംബർ 11 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് സ്പിരിച്ചാലിറ്റി സെന്ററിൽ നടത്തുവാൻ ക്രമീകരണം ചെയ്തിരിക്കുന്നു.

2017-ലെ ഭദ്രാസന കൺവൻഷൻ ജനുവരി 4 മുതൽ 8 വരെയുള്ള ദിനങ്ങളിൽ അടൂർ കൺവൻഷൻ നഗറിൽ നടത്തുവാൻ വേണ്ടക്രമീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൺവൻഷന്റെ സമാപന ദിനമായ 8-ാം തീയതി ഞായറാഴ്ച വി.കുർബ്ബാനയ്ക്കുശേഷം അഭിവന്ദ്യ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത തിരുമേനിയുടെ ജന്മശതാബ്ദി സമംഗളം കൊണ്ടാടുവാൻ ക്രമീകരണങ്ങൽ ചെയ്യുന്നു. ഭദ്രാസന കൺവൻഷന്റെ എല്ലായോഗങ്ങളിലും, പ്രാർത്ഥനാപൂർവ്വം വന്ന് സംബന്ധിക്കുവാൻ ഇപ്പോൾ മുതൽ തയ്യാറെടുക്കുമെന്ന് വിശ്വസിക്കുന്നു.

ഭദ്രാസന പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ സഹകരിക്കുന്ന എല്ലാവരോടും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു. ഒത്തുചേർന്നുള്ള പ്രവർത്തനം നമ്മുടെ ആത്മീക ജീവിതത്തെ കൂടുതൽ അർത്ഥപൂർണ്ണവും, സംപുഷ്ടവുമാക്കിത്തീർക്കുന്നതിന് സഭയുടെ നാഥനായ കർത്താവ് സഹായിക്കട്ടെ.

Mar Paulos+

ഹെർമ്മോൻ അരമന
ഒക്ടോബർ 1, 2016

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

നമ്മുടെ ഭദ്രാസന പ്രവർത്തനങ്ങൾ എല്ലാം അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് തിരുമേനിയുടെ ശക്തമായ നേതൃത്വത്തിലും ബഹുമാനപ്പെട്ട വൈദികരുടേയും ഭദ്രാസന കൗൺസിൽ അംഗങ്ങൾ, അസംബ്ലി അംഗങ്ങൾ, സുവിശേഷകർ, ഇടവകാംഗങ്ങൾ അധിയായവരുടെ ആത്മാർത്ഥമായ സഹകരണത്തിലും പ്രാർത്ഥനയിലും വളരെ ഭംഗിയായി നടത്തപ്പെടുവാൻ കഴിയുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഭദ്രാസന അസംബ്ലിയോഗം ആഗസ്റ്റ് 6-ാം തീയതി അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സ്പിരിച്ച്വാലിറ്റി സെന്ററിൽവെച്ച് നടത്തപ്പെട്ടു. 2015-16 വാർഷിക റിപ്പോർട്ടും വരവു-ചെലവു കണക്കുകളും 2016-17-ലെ ബഡ്ജറ്റും അവതരിപ്പിച്ചു പാസാക്കി. പുതിയ വർഷത്തേക്കുള്ള പ്രവർത്തനങ്ങളെപ്പറ്റിയും ചർച്ചചെയ്തു തീരുമാനങ്ങൾ കൈക്കൊണ്ടു. ഭദ്രാസനത്തിലെ പുതിയ വർഷത്തെ എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുന്നതിനും വിജയകരമായിത്തീരുന്നതിനും ദൈവകൃപയിൽ ശരണപ്പെട്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്ക് ഒരുങ്ങാം.

എല്ലാ മാസത്തിന്റെയും ആദ്യ ശനിയാഴ്ചകളിൽ ഭദ്രാസനാസ്ഥാനത്തിൽ നടത്തിവരുന്ന ആത്മീയ ഉണർവ്വ് കൂട്ടായ്മ ഭംഗിയായി പുരോഗമിച്ചുവരുന്നു. എല്ലാവരുടേയും സാന്നിധ്യ സഹായസഹകരണങ്ങൾ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

മദ്യലഹരിയുടെ ബന്ധനത്തിൽ തകർന്നുകൊണ്ടിരിക്കുന്നവരുടെ വിമോചനത്തിനായും അവരുടെ കുടുംബാംഗങ്ങളുടെ ബോധവത്കരണത്തിനായും 10 ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ഡി. അഡിഷൻ ക്യാമ്പുകൾ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സ്പിരിച്ച്വാലിറ്റി സെന്ററിൽവെച്ച് നടത്തപ്പെടുന്നു. നമ്മുടെ അറിവിലും ശ്രദ്ധയിലും ഉൾപ്പെടുന്ന മദ്യപാനരോഗികളെ ഈ ക്യാമ്പിൽ എത്തിച്ച് രക്ഷപ്പെടുത്തുവാൻ എല്ലാവരുടെ ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാ മാസത്തിലും ഈ ക്യാമ്പുകൾ നടത്തപ്പെടുന്നതാണ്.

ഒക്ടോബർ 25-ാം തീയതി ചൊവ്വാഴ്ച 10 മണിക്ക് നമ്മുടെ ഭദ്രാസനത്തിലെ Widows & Single Parents നു വേണ്ടി ഒരു പ്രത്യേക മീറ്റിംഗ് സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് നടത്തുന്നതാണ്. കുടുംബ ജീവിതത്തിൽ പ്രിയപ്പെട്ടവരുടെ വേർപാടുമൂലം വേദനപ്പെടുന്നവർക്കും ഏകാന്തത അനുഭവിക്കുന്നവർക്കും ഈ സംഗമത്തിലൂടെ ലഭിക്കുന്ന സ്വാന്ത്വന വചനങ്ങളും ധ്യാനചിന്തകളും പ്രാർത്ഥനകളും ആശ്വാസപ്രദമായിരിക്കും. ഒക്ടോബർ 28-30 വരെയുള്ള ദിവസങ്ങളിൽ നമ്മുടെ ഭദ്രാസനത്തിലെ പുതിയ ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു കൺവൻഷൻ പുതുശ്ശേരിഭാഗം ബഥേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തു വരുന്നു. കഴിഞ്ഞവർഷം ഇപ്രകാരം ഒരു കൺവൻഷൻ ആദ്യമായി സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ടത് വളരെ അനുഗ്രഹമായിരുന്നു. നവംബർ മാസം 11,12,13 തീയതികളിൽ ടീനേജിലുള്ള പെൺകുട്ടികൾക്കു വേണ്ടി **'Bloom Fest'** എന്നപേരിൽ ഒരു ക്യാമ്പ് യൂത്ത്സെന്ററിൽ വെച്ച് ഭദ്രാസന സേവികസംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽ നിന്നും പെൺകുട്ടികൾ ഈ ക്യാമ്പിൽ വന്നു സംബന്ധിക്കണമെന്നറിയിക്കുന്നു. നവംബർ 13-ാം തീയതി ഞായറാഴ്ച 3.30 പി.എം ന് ഒരു ഐക്യുമുനിക്കൽ ഫെലോഷിപ്പ് മീറ്റിംഗും ഡിസംബർ 11-ാം തീയതി ഞായറാഴ്ച 5.00 പി.എം ന് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷപരിപാടികളും സ്പിരിച്ച്വാലിറ്റി സെന്ററിൽ വെച്ച് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ഈ പരിപാടികളുടെയെല്ലാം അനുഗ്രഹമായ നടത്തിപ്പിനു ഏവരുടേയും പ്രാർത്ഥനയും സാന്നിധ്യ സഹകരണവും സാദരം ക്ഷണിച്ചുകൊള്ളുന്നു.

എല്ലാവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേരുന്നു

**വെരി. റവ. സ്കറിയാ എബ്രഹാം**
**(ഭദ്രാസന സെക്രട്ടറി)**



Editorial

# വാർത്തെടുക്കാം നല്ല തലമുറയെ

കൃഷിഭൂമി ഉർവരമാണെങ്കിൽ മാത്രമേ വിത്തിനു മുളയ്ക്കുവാനാകുകയുള്ളു. വിത്തിനെ മുളപ്പിക്കുവാനുള്ള ഭൂമിയുടെ കഴിവിനെയാണു ഉർവരത എന്നുവിളിക്കുന്നത്. ഉർവരത നഷ്ടമായ ഭവനങ്ങൾ ഇന്നു ഏറെയാണ്. ഒരു വ്യക്തിയുടെ വ്യക്തിത്വവികസനത്തിന്റെ കളരിയെന്നുപറയുന്നത് അവന്റെ കുടുംബമാണ്. ജനിച്ചു വീഴുന്നതുമുതൽ അവർ കാണുന്ന മാതൃകകളാണ് മാതാപിതാക്കൾ. വീടുകളിൽ ദൈവീക ചൈതന്യവും മൂല്യബോധവും നിറഞ്ഞ് അതിലെ കുരുന്നുകൾ ചിത്രശലഭങ്ങളെപ്പോലെ വാനോളം ഉയരുന്നതിനെക്കാൾ മനോഹര കാഴ്ച മറ്റൊന്നില്ല. കുട്ടികളെ അറിയുവാനും അംഗീകരിക്കുവാനും അഭ്യസിപ്പിക്കുവാനും അഭിനന്ദിക്കുവാനും മാതാപിതാക്കൾക്ക് കഴിയണം. കുട്ടിമനസ്സുകളെ വായിക്കുവാനും വ്യാഖ്യാനിക്കുവാനും വിലയിരുത്തുവാനും സാധിക്കണം. അവരിൽ വളർന്നു വരേണ്ടുന്ന നന്മയുടേയും നൈർമല്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും വിത്തുകൾ തളിർക്കുവാൻ വേദിയൊരുക്കിക്കൊടുക്കണം. ആത്മവിശ്വാസവും അച്ചടക്കവും ആദർശബോധവുമുള്ള ഒരു നവസമൂഹം സംജാതമാകണമെങ്കിൽ വിശ്വാസമൂല്യങ്ങളുടെ അടിയുറച്ച അടിത്തറ ഓരോ ഭവനത്തിനും അത്യന്താപേക്ഷിതമാണ്.

കൈകൾ കൺപുരികത്തിനു മുകളിലേക്കുയർത്തി പ്രതീക്ഷയോടും പ്രതിബദ്ധതയോടും ആകാശത്തിലെ മഴമേഘങ്ങളെ നോക്കിയിരിക്കുന്ന കർഷകരുടെ സൂക്ഷ്മചലനങ്ങൾ കാളിദാസൻ മേഘസന്ദേശത്തിൽ വരച്ചുകാട്ടുന്നു. കാളിദാസൻ വർണ്ണിക്കുന്ന കർഷകന്റെ കണ്ണും കാഴ്ചപ്പാടുകളും ഓരോ മാതാവിലും പിതാവിലും നിറഞ്ഞു നില്ക്കുമ്പോൾ നാം ഒരു നവസമൂഹത്തിന്റെ നിർമ്മിതിയിൽ പങ്കാളികളാകുന്നു.

മക്കളെ, കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റിവളർത്തുവാനുള്ള (എഫേ. 6:4) വി. പൗലോസ് ശ്ലീഹായുടെ ആഹ്വാനം പരിപോഷണത്തിന്റെ (Parenting) അർത്ഥതലങ്ങളിലേക്ക് ആനയിക്കുന്നു.

Parents are advised to enrich their children
മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ പരിപോഷകരാകുക
Parents are advised to educate their children
മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ പരിശീലകരാകുക
Parents are advised to encourage their children
മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ പ്രോത്സാഹകരാകുക
Parents are advised to evangelize their children
മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ പ്രഘോഷകരാകുക

കാരുണ്യവും കരുതലും കർത്തവ്യബോധവും കർമ്മോത്സാഹതയും ഉള്ള ഒരു നവസമൂഹത്തെ വാർത്തെടുക്കുവാൻ നമുക്ക് സാധ്യമായിത്തീരട്ടെ.

**റവ. പി.ജെ. തോമസ്**
ചീഫ് എഡിറ്റർ



റവ. നൈനു ചാണ്ടി
മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

നമ്മുടെ കുട്ടികൾ വിശ്വങ്ങളെ ജയിക്കാൻ കഴിവുള്ളവരാണ്. അതിന് ആവശ്യമായ ഊർജ്ജം ഉള്ളവരാണവർ.

യേശുവിന്റെ ബാല്യകാല ജീവിതത്തെക്കുറിച്ച് വായനക്കാർക്ക് ലഭിക്കുന്ന അപൂർവ്വമായ വിവരണമാണ് ലൂക്കോസ് നൽകുന്നത്. യേശുവിന്റെ ആത്മീയവളർച്ചയിൽ മാതാപിതാക്കളുടെ പങ്ക് ഈ സംഭവത്തിൽ നിന്ന് മനസ്സിലാക്കാം. ദേവാലയത്തോടും മതാചാരാനുഷ്ഠാനങ്ങളോടും വിശ്വസ്തതയോടെ അനുധാവനം ചെയ്യുന്ന ഉത്തമ കുടുംബത്തെയാണ് നമ്മുടെ പ്രതിപാദ്യഭാഗത്ത് കാണുന്നത്.

കുട്ടികളുടെ വളർച്ചയിൽ മത ജീവിതത്തിനും സമൂഹത്തിനും ദേവാലയത്തിനും അർഹമായ സ്ഥാനമുണ്ടെന്ന് ഈ വേദഭാഗത്തെ സംഭവം വിശദമാക്കുന്നു. നവ സമൂഹനിർമ്മിതിയിൽ വിദ്യാലയങ്ങളുടെയും വിദ്യാഭ്യാസ സമീപനങ്ങളുടെയും പങ്കിനെ വിലയിരുത്തുകയാണ് ഈ വേദ വിചിന്തനത്തിലൂടെ.

**സ്വതന്ത്രമാക്കുന്ന വിദ്യാഭ്യാസം**

യഹൂദാ പാരമ്പര്യം കുട്ടികളോട് അധികപരിഗണ നൽകുന്നതല്ലായിരുന്നു. കുട്ടികളെ അടിച്ചമർത്തി വളർത്തുന്ന തടുത്തുനിർത്തുന്ന മനോഭാവം സുവിശേഷവേദഭാഗങ്ങളിൽ കാണാം (ഉദാ. മത്തായി 19: 13–15). സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുവാൻ അവസരം ഒരുക്കാതെ പരിമിതികൾ കൽപ്പിക്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ യേശു ദൈവാലയത്തിലെ മൂപ്പൻമാരോടും മറ്റും തർക്കിക്കുന്നതിലൂടെ പുതിയ ഒരു വിദ്യാഭ്യാസരീതിക്ക് തുടക്കം കുറിക്കുന്നു. തർക്കിക്കാനും സ്വതന്ത്രമായി ചിന്തിക്കാനും ഉതകുന്ന വിദ്യാഭ്യാസ പ്രവർത്തനം യേശു ലോകത്തിന് നൽകുകയാണ്.

**"യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു."**
*ലൂക്കോ. 2:52*



# വിലങ്ങുകളില്ലാത്ത വിദ്യാലയം

ഉത്തരാധുനിക കാലഘട്ടത്തിന്റെ വിദ്യാഭ്യാസ സാമൂഹ്യസമീപനങ്ങളും വ്യത്യസ്തമല്ല. കുട്ടിക്ക് സ്വതന്ത്രമായി ചിന്തിക്കുന്നതിനോ അഭിപ്രായം പ്രകടിപ്പിക്കുന്നതിനോ അവസരം നൽകാറില്ല. കുട്ടി ഇന്നും അറിവില്ലാത്തവരും, വഷളാകാൻ സാധ്യതയുള്ളവരും, അവഗണിക്കപ്പെട്ടവരുമാണ്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ എല്ലാം തന്നെ വളരെ പാരതന്ത്ര്യ സ്വഭാവമുള്ളതാണ്.

ബ്രസീലിയൻ വിദ്യാഭ്യാസ വിചക്ഷകനായിരുന്ന പൗലോ ഫ്രയറിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം പ്രധാനമായും 2 കാര്യങ്ങളാണ് ചെയ്യുന്നത്. ഒന്ന്. വിദ്യാഭ്യാസം ഇണക്കുന്നു അഥവാ മെരുക്കുന്നു (Education domesticates) രണ്ട്. വിദ്യാഭ്യാസം സ്വതന്ത്ര്യരാക്കുന്നു (Education liberates).

ഔപചാരിക വിദ്യാഭ്യാസം പൊതുവെ ഇണക്കുന്ന അഥവാ മെരുക്കുന്ന രീതിയാണ്. ഇണക്കുകയോ മെരുക്കുകയോ ചെയ്യുന്നത് നന്മ ലാക്കാക്കിയല്ല മറിച്ച് വരുതിക്ക് നിർത്തുന്നതിനാണ്. ഒളപ്പമണ്ണയുടെ ആനമുത്ത് എന്ന കവിതയിൽ പറയുന്നതുപോലെ

നിന്നെച്ചങ്ങലയിട്ടുമെരുക്കി
കാരക്കോലിലൊതുക്കി നിറുത്തി
കൊമ്പും കുഴലും ചെണ്ടയുമുള്ളൊരു
കോവിലിലേക്ക് നടത്താൻപോരും
ഞാനാണധികം കേമൻ !
ഭൂമിയിലാരുണ്ടെന്നേപ്പോലൊരു കേമൻ ?

വിദ്യാഭ്യാസം വിദ്യാർത്ഥിയെ ഒതുക്കാൻ ഉള്ളതാകരുത്. മറിച്ച് വിദ്യാർത്ഥികളിൽ ഉറങ്ങി കൂടിയിരിക്കുന്ന കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ ഇടയാകണം. സ്വതന്ത്രമായി ചിന്തിക്കുവാനും, ചോദ്യങ്ങളുയർത്തുവാനും, തർക്കിക്കുവാനും, സ്വയം കണ്ടെത്തുവാനും ഉള്ള അവസരങ്ങൾ നൽകുന്നതായിരിക്കണം വിദ്യാഭ്യാസം. അപ്പോൾ കുട്ടികൾ സ്വാതന്ത്ര്യം അനുഭവിക്കുകയും ഉത്തമഗുണശാലികളായി തീരുകയും ചെയ്യുന്നു.

**വിലങ്ങുകളില്ലാത്ത വിദ്യാഭ്യാസം**

യേശുവിനെ ദേവാലയത്തിൽ നഷ്ടപ്പെട്ട അവസ്ഥയിൽ മാതാപിതാക്കളുടെ ആശങ്ക അവരുടെ വാക്കുകളിൽ അറിയിക്കുന്നുണ്ട്. മറിയയുടെ വാക്കുകൾ ശ്രദ്ധേയമാണ്. മകനേ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു (വാക്യം 48). കുട്ടികളുടെ സ്വഭാവത്തിൽ വരുന്ന മാറ്റങ്ങളിൽ ആശങ്ക ഉള്ളപ്പോൾപോലും അത് സംവേദനം ചെയ്യുന്ന രീതി സ്നേഹത്തോടും കരുതലോടും ആയിരിക്കണം. കുട്ടിയെ വിരട്ടിയും ഭീഷണിപ്പെടുത്തിയും അനുസരിപ്പിക്കുവാൻ ശ്രമിക്കരുത്. വിലങ്ങുകളും വിലക്കുകളും കുട്ടികളിൽ അശുഭചിന്തകൾ സൃഷ്ടിക്കുകയേയുള്ളൂ. കുട്ടികൾ സ്വതവേ റിബലുകളാണ് എന്നൊരു നിരീക്ഷണം എവിടെയോ വായിച്ചതായി ഓർക്കുന്നു. വിലങ്ങു കളില്ലാത്ത വിദ്യാഭ്യാസം ആയിരിക്കണം. ഭവനവും സമൂഹവും ഒരുപാട് do's and don'ts നൽകുന്ന താണ് മിക്ക മാതാപിതാ ക്കളുടെയും സ്വഭാവം അതിന് മാറ്റം സംഭവിക്കണം. കുട്ടിക്ക് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയാൽ എല്ലാം കൈവിട്ട് പോകും എന്ന ചിന്തയ്ക്ക് മാറ്റം വരുത്തണം.

കുട്ടികളുടെ വിദ്യാലയം പ്രാഥമികമായി കുടുംബമാണ്. എന്നാൽ അതിൽ അച്ഛനും അമ്മയും മാത്രമല്ല മുത്തശ്ശിയും മുത്തച്ഛനും ചേട്ടനും ചേച്ചിയും അമ്മാച്ചനും അമ്മായിയും കൊച്ചമ്മയും തുടങ്ങി പേരറിയാത്ത എത്രയോ ആയിരങ്ങൾ ഈ ചങ്ങലയുടെ കണ്ണികളാണ്. യേശുവിന്റെ ജീവിതത്തിനും കുടുംബവും ദൈവാലയവും സമൂഹവും ഒരുപോലെ കണ്ണികളായിട്ടുണ്ട്. ഒരു കുട്ടി സമൂഹത്തിന്റെ മുഴുവൻ സൃഷ്ടിയാണ്. ഹിലാരി ക്ലിന്റൺ പേരന്റിങ്ങിനെക്കുറിച്ച് നൽകിയ ചിന്ത ശ്രദ്ധേയമാണ് It takes a village to raise a child ഒരു ഗ്രാമം മുഴുവൻ കുട്ടിയുടെ വളർച്ചയിൽ പ്രധാനമാണ്.

കുപ്രസിദ്ധമായ അനന്തരാമൻ വധക്കേസിലെ പ്രതികൾക്ക് ജീവപര്യന്തം തടവുശിക്ഷ വിധിച്ച തൊടുപുഴ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിയിലെ അഡീഷണൽ സെഷൻസ് ജഡ്ജി എം.എൻ ജനാർദ്ദനൻ അവറുകളുടെ നിരീക്ഷണം മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത കൊലപാതകത്തിൽ പ്രതികൾ കുറ്റക്കാരായവരാണെന്നതുകൂടാതെ പ്രതിയായ ആനന്ദിന്റെ അച്ഛനും അമ്മയും സംഭവത്തിന് ധാർമ്മികമായ ഉത്തരവാദികളാണെന്ന് കോടതി നിരീക്ഷിച്ചു. മക്കളുടെ വളർച്ചയിൽ മാതാപിതാക്കളും സമൂഹവും ഒരുപോലെ ഉത്തരവാദികളാണ്. മദർ തെരേസയുടെ വാക്കുകളിൽ കുടുംബങ്ങളിലാണ് ലോകസമാധാനം തകരുവാനുള്ള കാരണങ്ങൾ തുടങ്ങുന്നത്. ആയതിനാൽ വിലങ്ങുകളില്ലാത്ത വിദ്യാലയമായി നമ്മുടെ ഭവനങ്ങളും സമൂഹങ്ങളും തീരണം. സ്നേഹവും കരുതലും സംരക്ഷണവും പ്രോത്സാഹനവും നൽകുന്ന ഇടങ്ങളായി തീരാം.

● ● ● ● ●



ഷാജി ജോർജ്ജ്

> കുഞ്ഞുങ്ങളിൽ മാതാപിതാക്കളാകുന്ന ഗുരുവെളിച്ചങ്ങൾ സ്വാധീനമായി വിളങ്ങുമ്പോൾ അതവരുടെ ജീവിതവഴികളിലെ ഉൾവെളിച്ചമായി മാറും

**വ**ണ്ടൊരു ദൈവാലയം പണിയുവാൻ സമുചിതമായ ഒരു സ്ഥലം കണ്ടെത്തിയതിനെക്കുറിച്ച് ഒരു കഥയുണ്ട്. ഒരു ജ്യേഷ്ഠനും ഒരു അനുജനുമാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ. ജ്യേഷ്ഠനും അനുജനും കൃഷിക്കാരാണ്. അവരുടെ വയലുകൾ അടുത്തടുത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ജ്യേഷ്ഠന് ഭാര്യയും മക്കളുമുണ്ട്. അനുജൻ അവിവാഹിതനാണ്. ജ്യേഷ്ഠാനുജന്മാർ തമ്മിൽ വലിയ സ്നേഹമാണ്. കൊയ്ത്തുൽസവമായി. രണ്ടു പേർക്കും നല്ല വിളവു കിട്ടി. അവരുടെ നെൽവയലിൽ കറ്റ കൂട്ടിയിട്ടിരിക്കുകയാണ്. ഒരു രാത്രിയിൽ ജ്യേഷ്ഠന് ഒരു ചിന്തയുണ്ടായി – "എനിക്കു നല്ല വിളവു ലഭിച്ചു. അനുജൻ അവിവാഹിതനായി കഴിയുന്നു. എന്റെ കറ്റകളിൽ കുറേയെടുത്ത് അവന്റെ കറ്റകളുടെ കൂട്ടത്തിൽ കൊണ്ടുചെന്നിടാം". ആ സമയം അനുജൻ മറ്റൊന്നു ചിന്തിച്ചു – "എനിക്കു നല്ല വിളവു ലഭിച്ചു. ഞാൻ അവിവാഹിതൻ. എനിക്കൊരു കുടുംബവുമില്ല. ചേട്ടനാണെങ്കിൽ ഒരു കുടുംബത്തിന്റെ മുഴുവൻ ഭാരവും വഹിക്കുന്ന ആളാണല്ലോ. അദ്ദേഹത്തെ സഹായിക്കാൻ ഞാൻ തന്റെ കളത്തിലെ കുറെ കറ്റകൾ ചേട്ടന്റെ കറ്റകളുടെ കൂട്ടത്തിൽ കൊണ്ടുപോയിടാം..." അവരുടെ ചിന്ത പ്രവൃത്തിയിൽ കൊണ്ടുവരാൻ തീരുമാനിച്ചുകൊണ്ട് രണ്ടുപേരും ആ രാത്രിയിൽ തന്നെ വയലുകളിലേക്കു പോയി. തങ്ങളുടെ കളങ്ങളിൽ നിന്നും കറ്റകൾ എടുത്ത് സഹോദരന്റെ കളത്തിൽ കൊണ്ടുപോയി വെയ്ക്കാൻ രണ്ടുപേരും നടന്നു നീങ്ങി. ആ അപൂർവ സ്നേഹത്തിന്റെ മൂർത്തിമൽഭാവങ്ങളായ സഹോദരർ തമ്മിൽ അവരുടെ കൃഷിയിടങ്ങൾ തമ്മിൽ ചേരുന്ന ഒരു വരമ്പത്തുവെച്ച് കണ്ടുമുട്ടി. പരസ്പരമുള്ള കരുതലിലും സ്നേഹത്തിലും അവരുടെ കണ്ണുകൾ നിറഞ്ഞു. നിറമിഴികളെ സാക്ഷിനിർത്തി



അവർ ആലിംഗനബദ്ധരായി ആ വരമ്പത്തു നിന്നു. ആ സ്നേഹസംഗമസ്ഥാനത്താണ് പിന്നീടൊരു ദൈവാലയം പണിയുവാൻ ആ ദേശത്തുള്ളവർ തീരുമാനിച്ചത്. ഇതാണ് കഥ. ഒരു പുരുഷനും സ്ത്രീയും ഭർത്താവും ഭാര്യയുമായി പരസ്പരമുള്ള സ്നേഹത്തിലും പ്രേമത്തിലും ആദരവിലും കണ്ടുമുട്ടുന്ന സംഗമ കൂദാശയാണ് വിശുദ്ധ വിവാഹം. അവർ അങ്ങനെ ക്രിസ്തുവിൽ ഒന്നായിത്തീരുമ്പോൾ അവിടെ ഉയരുന്ന ദൈവത്തിന്റെ മന്ദിരങ്ങളാണ് കുഞ്ഞുങ്ങൾ. ദൈവത്തിന്റെ മന്ദിരങ്ങൾ ദൈവം വസിക്കുന്ന മന്ദിരങ്ങളാണ്; ദൈവത്തിന്റെ വകയായിട്ടുള്ള 'ദൈവത്തിന്റെ സ്വന്തം മന്ദിര'ങ്ങളാണ്. ഈ മന്ദിരങ്ങളിൽ അൾത്താരയിലെ മെഴുകുതിരികൾ പോലെ ജ്വലിച്ച് പ്രകാശം കൊടുക്കേണ്ട നിയോഗമാണ് മാതാപിതാക്കൾക്കുള്ളത്. ഗുരു അന്ധകാരം നീക്കുന്നവനാണല്ലോ. കുട്ടികളിലെ അന്ധകാരം നീക്കേണ്ട നിയോഗവഴികളിലെ ഗുരുവെളിച്ചങ്ങളാണ് മാതാപിതാക്കൾ. കുഞ്ഞുങ്ങളിൽ മാതാപിതാക്കളാകുന്ന ഗുരുവെളിച്ചങ്ങൾ സ്വാധീനമായി വിളങ്ങുമ്പോൾ അതവരുടെ ജീവിതവഴികളിലെ ഉൾവെളിച്ചമായി മാറും. അങ്ങനെയാണ് മാതാപിതാക്കൾ കുഞ്ഞുങ്ങളിൽ ജീവിക്കുന്നതും പിന്നീട് കുഞ്ഞുങ്ങളിലൂടെ ഉയിർത്തെഴുന്നേൽക്കുന്നതും.

കുഞ്ഞുങ്ങൾ ദൈവത്തിന്റെ വകയായിട്ടുള്ള ദൈവത്തിന്റെ മന്ദിരങ്ങളാണ്. അതുകൊണ്ടാണ് ലെബാനോന്റെ കവിയായ ഖലിൽ ജിബ്രാൻ 'പ്രവാചകനി'ലൂടെ അമ്മമാരോട് ഇപ്രകാരം പറഞ്ഞത്.

"നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടെ
കുഞ്ഞുങ്ങളല്ലല്ലോ;
അവർ ജീവിതത്തിന്
ജീവിതത്തോടുള്ള ആസക്തിയുടെ
സന്താനങ്ങളാണല്ലോ.
നിങ്ങളിലൂടെ വന്നെത്തുന്നുവെങ്കിലും
അവർ നിങ്ങളിൽ നിന്ന്
ആവിർഭവിക്കുന്നില്ല.
നിങ്ങളോടൊപ്പമുണ്ടെങ്കിലും
അവർ നിങ്ങൾക്ക് സ്വന്തമല്ല.
നിങ്ങൾ വില്ലുകളും കുഞ്ഞുങ്ങൾ
അമ്പുകളുമാകുന്നു.
വില്ലാളി അനശ്വരതയുടെ ലക്ഷ്യത്തിലേക്ക്
ആ അമ്പുകളെ തൊടുത്തുവിടാൻ
ഉപയോഗിക്കുന്ന വില്ലുകളാണ് നിങ്ങൾ.
ആ അമ്പുകളെ ലക്ഷ്യത്തിലെത്തിക്കുവാൻ
അമ്പു തൊടുക്കുവാനായി
വില്ലുകളെ അവൻ വളയ്ക്കും.
അപ്പോൾ വേദനയുണ്ടാകാം...
എന്നാൽ അതു സന്തോഷപൂർവം
സഹിക്കുക.
കാരണം അമ്പിനെ സ്നേഹിക്കുന്നവൻ
വില്ലിനെയും സ്നേഹിക്കുന്നു."

കുഞ്ഞുങ്ങളെ ദൈവം ആഗ്രഹിക്കുന്ന ലക്ഷ്യത്തിലെത്തിക്കാനുള്ള ഗുരുവെളിച്ചങ്ങളാണ് മാതാപിതാക്കൾ എന്നാണ് ഖലിൽ ജിബ്രാൻ ഇവിടെ സൂചിപ്പിക്കുന്നത്.

ഒ.എൻ.വി. യുടെ 'ഉപ്പ്' എന്ന കവിതയിൽ എങ്ങനെയാണ് ഒരു മുത്തശ്ശി ഒരു കുഞ്ഞിന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നത് എന്ന് സുന്ദരമായി വ്യക്തമാക്കുന്നുണ്ട്.

"പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പ തൻ
പൂവു പോലിത്തിരിയുപ്പുതരിയെടു–
ത്താവി പാറുന്ന പൊടിയരിക്കഞ്ഞിയിൽ
തൂവി പതുക്കെപ്പറയുന്നു മുത്തശ്ശി;
"ഉപ്പുചേർത്താലേ രുചിയുള്ളൂ! കഞ്ഞിയിൽ
ഉപ്പുതരി വീണലിഞ്ഞു മാഞ്ഞുപോം
മട്ടിലെന്നുണ്ണീ! നിൻ മുത്തശ്ശിയും നിന്ന–
നിൽപിലൊരുനാൾ മാഞ്ഞുപോം! എങ്കിലും
നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശി
യെന്നും! എന്നുണ്ണിയെ വിട്ടെങ്ങു പോകുവാൻ"

കഞ്ഞിയിൽ ഉപ്പു ചേർന്നലിഞ്ഞു കഴിഞ്ഞാൽ ഉപ്പിന്റെ സാന്നിധ്യം കാഴ്ചയിലല്ല ഒരാൾ തിരിച്ചറിയുന്നത്, പിന്നെയോ കഞ്ഞിയിൽ ഉപ്പുരസം ചേർന്നുണ്ടായ രുചിയിലൂടെയാണ്. ഇതാണ് സ്വാധീനം എന്നു പറയുന്നത്. മാതാപിതാക്കളും മുത്തച്ഛനും മുത്തശ്ശിയുമെല്ലാം ഗുരുവെളിച്ചങ്ങളായി മാറിയതിനു ശേഷം കുഞ്ഞുങ്ങളിൽ ഉൾവെളിച്ചമായി മാറുന്നത് ഇങ്ങനെയാണ്. 'പേരന്റിംഗി'നെക്കുറിച്ച് പ്രഗൽഭനായ ഗുരുവും പ്രശസ്തനായ എഴുത്തുകാരനുമായ പ്രൊഫ. എസ്. ശിവദാസ് സാർ പറയുന്നു – "അതിവിനയത്തോടെ സൃഷ്ടിയുടെ മനോഹരമായ മാതൃകയായ നിങ്ങളുടെ കുഞ്ഞിനെ സമീപിക്കുക. നിരന്തരമായ പഠനത്തിലൂടെ, പരിശീലനത്തിലൂടെ, തപസ്സിലൂടെ അതീവശ്രദ്ധയോടെ നടത്തേണ്ട അതിസങ്കീർണ്ണമായ ഒരു യജ്ഞമാകുന്നു പേരന്റിംഗ്. ആ വിഷയത്തിൽ ഒരു ശിശു മാത്രമായ നിങ്ങൾ നിങ്ങളുടെ നിങ്ങളുടെ ശിശുവിനെ കൈകാര്യം ചെയ്യുമ്പോൾ ആ വിവേകത്തോടെ മാത്രം ആ ദൈവികമായ പ്രവൃത്തിയിൽ മുഴുകുക. പ്രാർത്ഥനയോടെ സമർപ്പണ ബോധത്തോടെ ശിലയിൽ നിന്ന് ശിൽപമുണ്ടാക്കാൻ പാടുപെടുന്ന ശിൽപിയുടെ ഏകാഗ്രതയോടെ, സമർപ്പണ ബോധത്തോടെ ദൈവം ഏൽപിച്ചിരിക്കുന്ന ആ കർമ്മം ചെയ്യുക. അപ്പോൾ കുഞ്ഞു രക്ഷപെടും; നിങ്ങളും രക്ഷപെടും, ലോകവും രക്ഷപെടും." എത്ര ഹൃദ്യമായിട്ടാണ് ശിവദാസ് സാർ തന്റെ ദർശനം അവതരിപ്പിച്ചിരിക്കുന്നത്! സാർ പറയുന്നത് ഒരു ശിൽപിയുടെ

സമർപ്പണത്തോടെയും ഏകാഗ്രതയോടെയും നിർവഹിക്കേണ്ട ധർമ്മമാണ് പേരന്റിംഗ് എന്നാണ്.

മാതാപിതാക്കൾ കുട്ടികൾക്കു അനുഗ്രഹമായിത്തീരുന്ന ഗുരുവെളിച്ചങ്ങളായി മാറുവാൻ ശ്രമിക്കണം. ഇന്നു പലരും കുഞ്ഞുങ്ങൾക്ക് ശാപമായിട്ടാണ് തീർന്നുകൊണ്ടിരിക്കുന്നത്. 'കരയിലും വെള്ളത്തിലും ജീവിക്കുന്ന ജീവി' ഏത്? എന്ന് ഒരു ക്ലാസിൽ ടീച്ചർ ചോദിച്ചപ്പോൾ ഒരു കുട്ടി ഉത്തരം എഴുതിയത് അവന്റെ അപ്പന്റെ പേരായിരുന്നു. മദ്യപിച്ച് ലക്കുകെട്ട് ഏതെങ്കിലും ഓടയിൽ വെള്ളത്തിൽ വീണു കിടക്കുന്ന പിതാവിനെ പലരു കൂടി എടുത്തു വീട്ടിൽ കൊണ്ടുവരുന്നത് അവൻ പലപ്പോഴും കണ്ടിട്ടുള്ളതുകൊണ്ടാണ് ആ കുട്ടി അപ്രകാരം ഉത്തരം എഴുതിയത്. ഒരിക്കൽ മലയാളത്തിന്റെ സുകൃതമായ ടി. പത്മനാഭൻ എന്ന എഴുത്തുകാരൻ ഒരു റെയിൽവേ സ്റ്റേഷനിൽ നിൽക്കുമ്പോൾ മദ്യപിച്ച് ലക്കുകെട്ട ഒരു പിതാവ് ആടിആടി തന്റെ മകനെ ടി. പത്മനാഭന്റെ മുമ്പിൽ കൊണ്ടുവന്നു നിർത്തി തന്റെ മകനെ ടി. പത്മനാഭൻ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. അപ്പോൾ ടി. പത്മനാഭൻ പറഞ്ഞ മറുപടി "ഈ കുട്ടിയ്ക്ക് യഥാർത്ഥത്തിൽ എന്റെ അനുഗ്രഹമല്ല വേണ്ടത്; നിങ്ങളുടെ അനുഗ്രഹം തന്നെയാണ്" എന്നായിരുന്നു. കുടിക്കുന്ന അച്ഛൻ കുട്ടിയ്ക്ക് ശാപമാണ്. കുടിക്കാത്ത അച്ഛൻ കുട്ടിയ്ക്ക് ലഭിക്കാവുന്ന ഒരു വലിയ അനുഗ്രഹം തന്നെയാണ്.

**മാതാവും പിതാവും നമ്മുടെ ഗുരുക്കന്മാരാണ്. അവർ ജീവിതവഴികളിലെ വഴിവെളിച്ചങ്ങളാണ്. ആ വെളിച്ചം ഉൾക്കൊണ്ട് ദൈവത്തിന്റെ വഴികളിലൂടെ നമുക്കു സഞ്ചരിക്കാം**

'ജീവിക്കുന്ന കമ്പ്യൂട്ടർ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു ജീനിയസാണ് ശകുന്തളാദേവി. കമ്പ്യൂട്ടറിനു മാത്രം ചെയ്യാൻ കഴിയുന്ന ഗണിതക്രിയകൾ നിമിഷനേരംകൊണ്ട് ചെയ്തു കാണിച്ച്, ലോകവ്യാപകമായി ഗണിത സാമർത്ഥ്യ പ്രകടനങ്ങൾ കാഴ്ചവെച്ച് ശാസ്ത്രജ്ഞന്മാരെപ്പോലും അൽഭുതപ്പെടുത്തിയ അസാധാരണ പ്രതിഭയായിരുന്നു ശകുന്തളാദേവി. ശകുന്തളാദേവിയുടെ 'നിങ്ങളുടെ കുട്ടിയിലെ പ്രതിഭയെ ഉണർത്തുക' എന്ന പുസ്തകം എല്ലാ മാതാപിതാക്കളും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ്. ഓരോ രക്ഷാകർത്താവും പ്രതിജ്ഞയെടുക്കേണ്ട 11 കൽപനകൾ ഈ പുസ്തകത്തിൽ ശകുന്തളാദേവി നിർദ്ദേശിക്കുന്നുണ്ട്. ഓരോ രക്ഷാകർത്താവും പ്രതിജ്ഞയെടുക്കേണ്ടത് ഇപ്രകാരമാണ്.

"ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു, എന്റെ കുട്ടി

1. ഏറ്റവും ബുദ്ധിമാനാണെന്ന്
2. ഒരു ജേതാവാണെന്ന്
3. ഗ്രാഹ്യശേഷിയിൽ ശീഘ്രതയുള്ളവനാണെന്ന്
4. പഠനകാര്യങ്ങളിൽ ഒരു പ്രതിഭയാണെന്ന്
5. സ്പോർട്സിൽ നിപുണനാണെന്ന്
6. വളരെ സ്വാശ്രയനും കഠിനാദ്ധ്വാനിയുമാണെന്ന്
7. പരസഹായിയും അനുസരണശീലനുമാണെന്ന്
8. സൗഹൃദശീലനും സഹൃദയനുമാണെന്ന്
9. എല്ലാവർക്കും പൊതുസമ്മതനാണെന്ന്
10. വളരെ സുന്ദരനാണെന്ന്
11. സന്തോഷവാനും ചെല്ലുന്നിടത്തെല്ലാം സന്തോഷം എത്തിക്കുന്നവനുമാണെന്ന്. നിങ്ങൾ രക്ഷാകർത്താക്കൾ എന്ന നിലയിൽ ഈ പതിനൊന്നു കൽപനകളെ ഏതു സമയത്തും മുറുകെ പിടിക്കുകയും അവയിൽ വിശ്വസിക്കുകയും ചെയ്യുമെങ്കിൽ നിങ്ങളുടെ വിശ്വാസം ആത്മാർത്ഥമാണെന്ന് നിങ്ങളുടെ മനോഭാവങ്ങളിലൂടെ നിങ്ങൾ പ്രകടമാക്കുമെങ്കിൽ നിങ്ങളുടെ കുട്ടികളും ഒരു ജേതാവിനെപ്പോലെ അനുഭവിച്ചറിയുകയും പ്രവർത്തിക്കുകയും ചെയ്യും''. ശകുന്തളാദേവി നിർദ്ദേശിച്ചിരിക്കുന്ന ഈ പതിനൊന്നു കൽപനകൾ ജീവിതത്തിൽ പാലിച്ചാൽ അതിന്റെ പ്രതിഫലനങ്ങൾ കുട്ടികളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങും. അതിലൂടെ ദൈവം നമുക്കു നൽകിയിരിക്കുന്ന കുഞ്ഞ് എന്ന വിശേഷ സമ്മാനത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന മഹാസാധ്യതകളിൽ നമുക്കുള്ള വിശ്വാസമാണ് നാം പ്രഖ്യാപിക്കുന്നത്. അതിലുപരിയായി ആ സമ്മാനം നമുക്കു നൽകിയിരിക്കുന്ന സർവ്വ കൃപാലുവായ ദൈവത്തിൽ നമുക്കുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനം കൂടിയാണത്. പഴയനിയമത്തിൽ മോശെയുടെ മാതാപിതാക്കൾ ഈ സത്യം മനസ്സിലാക്കി പ്രവർത്തിച്ചവരാണ്. പുറപ്പാട് പുസ്തകത്തിന്റെ ആരംഭത്തിൽ മോശെയുടെ ജനനവുമായി ബന്ധപ്പെട്ട് സുന്ദരമായ ചില വാക്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. "എന്നാൽ ലേവി കുടുംബത്തിലെ ഒരു പുരുഷൻ പോയി ഒരു ലേവി കന്യകയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. അവൻ സൗന്ദര്യമുള്ളവൻ എന്നു കണ്ടിട്ട് അവനെ മൂന്നു മാസം ഒളിച്ചുവച്ചു. അവനെ പിന്നെ ഒളിച്ചുവെപ്പാൻ കഴിയാതെ ആയപ്പോൾ അവൾ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി, അതിനു പശയും കീലും തേച്ചു, പൈതലിനെ അതിൽ കിടത്തി. നദിയുടെ അരികിൽ ഞാങ്ങണയുടെ ഇടയിൽ വച്ചു. അവന് എന്തു ഭവിക്കുമെന്ന് അറിവാൻ അവന്റെ പെങ്ങൾ ദൂരത്തു നിന്നു" (പുറപ്പാട് 2:1-4). ആ മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞിനെ എങ്ങനെയാണ് വീക്ഷിച്ചത്? - ''അവൻ സൗന്ദര്യമുള്ളവൻ എന്നു കണ്ടു''. വിശുദ്ധ വേദപുസ്തകത്തിലെ ഏറ്റവും സൗന്ദര്യ

മുള്ള വാകൃങ്ങളിൽ ഒന്നാണിത്. അവർക്ക് ആ കുഞ്ഞിനോടുള്ള കരുതൽ മാത്രമല്ല, ആ കുഞ്ഞിലുള്ള പ്രതീക്ഷകളുടെ അടയാളങ്ങളാണ് അവരുടെ പിന്നീടുള്ള ഓരോ പ്രവർത്തനവും. കുഞ്ഞിനെ മൂന്നു മാസം ഒളിപ്പിച്ചു വെച്ചതും ആ കുഞ്ഞിനെ പിന്നെ ഒളിച്ചു വപ്പാൻ കഴിയാതെ വന്നപ്പോൾ ഒരു ഞാങ്ങണപ്പെട്ടകം ഉണ്ടാക്കി അതിൽ പൈതലിനെ കിടത്തിയതും കുഞ്ഞിന് എന്തു ഭവിക്കുമെന്ന് അറിവാൻ ഫറവോന്റെ പുത്രി ദൂരത്തു കാവൽ നിന്നതുമെല്ലാം ആ കുഞ്ഞിലുള്ള പ്രതീക്ഷയുടെ അടയാളങ്ങളായിരുന്നു. ഫറവോന്റെ പുത്രി ആ കുഞ്ഞിനെ കണ്ടെത്തി (മോശെയുടെ സഹോദരിയെയും അമ്മയെയും തിരിച്ചറിയാതെ) മോശെയുടെ സഹോദരിയുടെ പക്കലിലൂടെ മോശെയുടെ അമ്മയുടെ അടുക്കൽത്തന്നെ എത്തിക്കുമ്പോൾ ദൈവത്തിന് ആ കുഞ്ഞിലുള്ള പ്രതീക്ഷകൾ ദൈവം പ്രഖ്യാപിക്കുകയായിരുന്നു. മോശെയുടെ അമ്മ കുഞ്ഞിനെ വളർത്തുവാൻ പാലു മാത്രമല്ല കൊടുത്തത് മൂല്യങ്ങളും കൊടുത്താണ് വളർത്തിയത്. അങ്ങനെ ആ അമ്മ മോശെയുടെ ഗുരുവെളിച്ചമായി മാറുകയായിരുന്നു. അതുകൊണ്ടാണ് ഫറവോന്റെ കൊട്ടാരത്തിന്റെ എല്ലാ ഉന്നതികളിലും സുഖങ്ങളിലും ചെന്നു ചേർന്നിട്ടും തന്റെ അമ്മ പഠിപ്പിച്ച മൂല്യങ്ങളെയും തന്റെ ദൈവത്തെയും തന്റെ ജനത്തെയും മറക്കാതിരുന്നത്. മോശെയുടെ ആ ഉൾവെളിച്ചം അണയാതിരുന്നതിനെക്കുറിച്ചാണ് എബ്രായ ലേഖന കർത്താവ് ഇപ്രകാരം രേഖപ്പെടുത്തിയത് – "വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു." (എബ്രായർ 11:24–26). കുഞ്ഞിനെ വളർത്തുന്നത് മാതാപിതാക്കളുടെ ദൈവദത്തമായ നിയോഗമാണ്. ആ നിയോഗവഴികളിൽ ഗുരുവെളിച്ചങ്ങളായി അവർ മാറുമ്പോൾ കുട്ടികളുടെ ജീവിത വഴികളിലെ ഉൾവെളിച്ചങ്ങളായി അവർ മാറും.

എന്റെ അമ്മ 2008 ഒക്ടോബർ 20 നാണ് കർത്താവിൽ നിദ്ര പ്രാപിച്ചത്. അതിനു ശേഷം ഞാനെഴുതിയ 'മൺചെരാതുകൾ പുഞ്ചിരിക്കുമ്പോൾ' എന്ന പുസ്തകം എന്റെ അമ്മയുടെ സ്മരണയ്ക്കു മുന്നിൽ സമർപ്പിച്ച പുസ്തകമാണ്. സമർപ്പണവാകൃങ്ങളായി ആ പുസ്തകത്തിൽ കുറിച്ചത് അമ്മയെക്കുറിച്ചുള്ള എന്റെ സാക്ഷ്യമാണ്.

"ഉദരത്തിലെന്നെ വഹിക്കുമ്പോൾത്തന്നെ
ദൈവകരങ്ങളിൽ എന്നെ സമർപ്പിക്കുകയും
പിറന്നനാൾ മുതൽ
വാൽസല്യത്തിന്റെയും
സ്നേഹത്തിന്റെയും
കരുതലിന്റെയും മൂല്യബോധത്തിന്റെയും
അമൃതൂട്ടി വളർത്തുകയും
ദൈവവചനത്തെ
ഹൃദയത്തോടു ചേർത്തുപിടിച്ച്
ഉള്ളംകൊണ്ടു വായിക്കുവാൻ
അഭ്യസിപ്പിക്കുകയും ചെയ്തശേഷം
2008 ഒക്ടോബർ 20 ന്
താൻ പ്രിയം വച്ച കർത്താവിന്റെ
സന്നിധിയിലേക്കു കടന്നുപോയ
എന്റെ പ്രിയപ്പെട്ട അമ്മയുടെ
പാവനസ്മരണയ്ക്കു മുമ്പിൽ
'മൺചെരാതുകൾ പുഞ്ചിരിക്കുമ്പോൾ'
സമർപ്പിച്ചുകൊള്ളുന്നു"

അമ്മ എങ്ങനെ എന്റെ ഗുരു വെളിച്ചവും ഉൾവെളിച്ചവുമായി മാറുന്നു എന്നതിന്റെ അനുഭവസാക്ഷ്യമാണ് ആ വാക്കുകളിലൂടെ ഞാൻ കുറിച്ചത്. മാതാവും പിതാവും നമ്മുടെ ഗുരുക്കന്മാരാണ്. അവർ ജീവിതവഴികളിലെ വഴിവെളിച്ചങ്ങളാണ്. ആ വെളിച്ചം ഉൾക്കൊണ്ട് ദൈവത്തിന്റെ വഴികളിലൂടെ നമുക്കു സഞ്ചരിക്കാം. ● ● ● ● ●

**എയർ ടിക്കറ്റ്, ഹൗസ് ബോട്ട്, വിസിറ്റ് വിസ**
**എല്ലാ സർട്ടിഫിക്കറ്റുകളുടെയും എംബസി അറ്റസ്റ്റേഷൻ**
**എന്നിവ ഏറ്റവും കുറഞ്ഞ നിരക്കിൽ**

എല്ലാ സേവനങ്ങളും
കേരളത്തിലുടനീളം
സൗജന്യമായി നിങ്ങളുടെ
വീടുകളിലെത്തിക്കുന്നു

**GRACE TRAVEL SOLUTIONS**
KALLADA, KOLLAM, KARUNAGAPALLY
**9446363915**
email: **gracetravelsolutions@gmail.com**

ചരിത്രത്തിലൂടെ

## ഇരുപതാം മാർത്തോമ്മാ

# മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത



അറിവിന്റെ ആഴങ്ങളിൽ ജീവനസത്യം തേടി അലയവേ, നർമ്മത്തിന്റെ പൊൻചിപ്പിയിൽ ചിന്തകൾ വിരിയിക്കുന്ന അനുപമ മാനസനാണ് മാർ ക്രിസോസ്റ്റം! ആ തിരിമനസ്സിനോട് ഉപമിക്കാൻ ആയിരമാണ്ടുകൾക്കൊരു മെത്രാന് കേരളത്തിലെ ഒരുസഭയിലും ഉണ്ടാവുകയുമില്ല! യുഗപ്രതിഭ, ചിരിയുടെ അവതാരം, എളിമയുടെ നീരൊഴുക്ക് എന്നൊക്കെ ഓരോമനസ്സുകൾ ഈ പുണ്യമാനസനെ പ്രകീർത്തിക്കാറുമുണ്ട്. ക്രിസോസ്ടവും കാലത്തിന്റെ സംഭാവനകളാണ് മലയാളിമക്കൾക്ക്!

മാർത്തോമ്മാ സഭയുടെ തലവനായിരുന്നു അഭിവന്ദ്യ മെത്രപ്പൊലിത്ത മാർ ഫിലിപ്പോസ് ക്രിസോസ്റ്റം നാനജാതി മതസ്ഥരടങ്ങുന്ന ഒരു ജനതയുടെ പ്രീയങ്കരനും സഭയുടെ ആത്മീയ നേതാവും പൈതൃകമായ പാരമ്പര്യത്തിലെ അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയുമാണ്. ഒരു മുത്തച്ഛന്റെ സ്നേഹ വാത്സല്യങ്ങളോടെ നീണ്ട കാലം സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്ത ശേഷം സഭയുടെ ഔദ്യോഗിക സ്ഥാനമാനങ്ങളിൽ നിന്നും സ്വയംസ്ഥാന ത്യാഗം ചെയ്യുകയാണ് ഉണ്ടായത്. സദാ പ്രസന്ന ഭാവത്തോടെ ജനങ്ങളുടെ മുമ്പിൽ വരുന്ന ഈ വലിയ ആത്മീയ ആചാര്യന് നർമ്മ ഭാവനകളോടെ മറ്റുള്ളവരെ അസാമാന്യമായി ചിരിപ്പിക്കാനുള്ള കഴിവുമുണ്ട്. അത് ജന്മസിദ്ധവുമാണ്. ഓരോ ഫലിതത്തിലും ആത്മാവിനു കുളിർമ്മ നല്കുന്ന ആത്മീയ മൂല്യങ്ങളും നിറഞ്ഞിരിക്കും. അസാധാരണമായ ഈ വ്യക്തിപ്രഭയെ ജാതി മത ഭേദമെന്യേ സ്നേഹിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. (ജോസഫ് പടത്തമാക്കി)

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രപ്പൊലീത്ത (ഫിലിപ്പ് ഉമ്മൻ) 1918 ഏപ്രിൽ 27 ന് ജനിച്ചു. 67 വർഷത്തോളം സഭയുടെ മെത്രാൻ പദവി അലങ്കരിച്ചു. അത് ഭാരത മെത്രാൻമ്മാരുടെയിടയിൽ ഏറ്റവും നീണ്ട ഒരു കാലഘട്ടമാണ്. അജപാലകനായി ഭാരത ക്രിസ്ത്യാനി സഭകളിൽ മറ്റാരെക്കാളും ദീർഘകാലം സഭയെ സേവിച്ചുവെന്നുള്ള വ്യക്തിമുദ്രയും അദ്ദേഹത്തിനുണ്ട്. ക്രിസോസ്റ്റം തിരുമേനി അല്ലെങ്കിൽ വലിയ തിരുമേനിയെന്ന് അജഗണങ്ങൾ സംബോധന ചെയ്യുന്നു. അദ്ദേഹത്തിന്റെ പിതാവ് കെ.ഇ ഉമ്മൻ കുമ്പനാട് പള്ളിയിലെ വികാരിയായിരുന്നു. അമ്മ ശോശാമ്മ കാർത്തികപള്ളി നടുക്കേൽ വീട്ടിൽ അംഗമായിരുന്നു. ഇരവിപേരൂരിലും കോഴഞ്ചേരിയിലും സ്കൂൾ വിദ്യാഭ്യാസം നടത്തി. ആലുവ യൂണിയൻ ക്രസ്ത്യൻ കോളേജിൽ നിന്ന് ബിരുദമെടുത്തു. ചെറുപ്പകാലത്ത് സ്വാതന്ത്ര്യ സമരം കൊടുമ്പിരി കൊള്ളുന്ന കാലമായിരുന്നു. അക്കാലത്ത് സാമൂഹികപരമായ പലപ്രസ്ഥാനങ്ങളിലും

*ശേഷം പേജ് 17-ൽ*

# വൈവിദ്ധ്യമാർന്ന പ്രവർത്തന ശരണിയിലൂടെ.....

"ദൈവജനത്തിനായ ശുശ്രൂഷ ദൈവം നിയോഗിച്ച സ്ഥലങ്ങളിലും ഇടങ്ങളിലും ദൈവത്തോടു ചേർന്ന്"

ഭദ്രാസന ഇടവക ശുശ്രൂഷകരുടെ സംഗമം



"[illegible] മൂല്യങ്ങൾ [illegible] സാഹചര്യങ്ങളോട് പ്രതികരിക്കുന്നവരാകുക"

സന്നദ്ധ സുവിശേഷക സംഘം ഏരിയാ സംഗമം



"സുവിശേഷത്തിന്റെ സാക്ഷികളാകുവാനുള്ള വിളിയും നിയോഗവും"

ഭദ്രാസന വികസനസംഘം വാർഷിക പൊതുയോഗവും സെമിനാറും




"സ്ത്രീകൾ പരിവർത്തനത്തിന്റെ [illegible]"

സേവികാസംഘം ചുമതലക്കാരുടെ സംഗമം



## "തിരുവചന പഠനത്തിലൂടെ"

സേവികാസംഘം പഠനകളരി



ഏനാത്ത് സെന്റർ സൺഡേസ്കൂൾ പ്രവർത്തനോദ്ഘാടനവും അദ്ധ്യാപകപരിശീലനവും



## "കൂട്ടായ്മയിലൂടെ"

പത്തനാപുരം സെന്റർ വൈദീകരുടെയും ആത്മായ പ്രതിനിധികളുടെയും സംഗമം



അന്യസംസ്ഥാന തൊഴിലാളികളുടെ സംഗമം



ഒന്നാം ശനിയാഴ്ചയിലെ ആത്മീയ ഉണർവ്വ് യോഗം



# വൈവിദ്ധ്യമാർന്ന പ്രവർത്തന ശരണിയിലൂടെ.....

## "അമൂല്യമായ ആയുസ് ദൈവത്തിനായി"

ജന്മദിനാഘോഷ ദൃശ്യങ്ങൾ






## "ആസക്തിയിൽനിന്നുള്ള വിമോചനം അനിവാര്യം"

ഭദ്രാസന ഡി–അഡിക്ഷൻ പ്രോഗ്രാമിന് നേതൃത്വം നൽകിയ ശ്രീ. കെ.പി. ചാക്കോ (ഡെപ്യൂട്ടി കമാൻഡന്റ്, പോലീസ് ക്യാമ്പ് അടൂർ) ക്യാമ്പിൽ പങ്കെടുത്തവരോടൊപ്പം






## "ഭാരതീയൻ എന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു"

സ്വാതന്ത്ര്യദിന ദൃശ്യങ്ങൾ



കിഴക്കുപുറം ബഥേൽ



ഹെർമ്മോൻ അരമന



ചുനക്കര എം.റ്റി.സി.



ഏഴംകുളം ശാലേം

## "ഒരുങ്ങാം... കുടുംബജീവിതത്തിനായി"

പ്രീമാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാം



## "അഭ്യസനത്തിലൂടെ.." മാർത്തോമ്മാ ഗുരുകുലം



## "ശാക്തീകരണം – ഇടവക സന്ദർശനത്തിലൂടെ"

എപ്പിസ്കോപ്പൽ വിസിറ്റ്



മൂന്നാളം സെന്റ് തോമസ്



ഗഡ്ഗേശ്വർ മിഷൻ ഫീൽഡ്

## "മുന്നേറാം ഒരുമിച്ച്" ഏനാത്ത് സെന്റർ വൈദീക സംഗമം



# വൈവിദ്ധ്യമാർന്ന പ്രവർത്തന ശരണിയിലൂടെ.....

## "ഹരിതാഭം – 2016"

**അടൂർ ഭദ്രാസന യുവജനസഖ്യവും വികസനസംഘവും ഇടവകതലങ്ങളിൽ ക്രമീകരിച്ച ഓണത്തിനൊരുമുറം പച്ചക്കറി എന്ന പദ്ധതിയുടെ വിവിധ ദൃശ്യങ്ങൾ**




ഭദ്രാസനതല വിത്ത് വിതരണം



ഏനാത്ത് എം.റ്റി.സി.



പണയിൽ എം.റ്റി.സി.



ചുനക്കര എം.റ്റി.സി.

## വിത്ത് നടീൽ



മണ്ണടി സെന്റ് തോമസ്



കുറത്തികാട് സെന്റ് തോമസ്



കുന്നിട സെന്റ് തോമസ്



താമരക്കുളം സെന്റ് തോമസ്

## വിളവെടുപ്പ്



കുറത്തികാട് സെന്റ് തോമസ്



മണ്ണടി മാർത്തോമ്മാ ചർച്ച്



പണയിൽ മാർത്തോമ്മാ ചർച്ച്

## വിപണി






ഓണവിപണിയുടെ കായംകുളം സെന്റർ ഉദ്ഘാടനദൃശ്യങ്ങൾ – കുറത്തികാട് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ





ഓണവിപണി ഏനാത്ത് സെന്റർ ഉദ്ഘാടനദൃശ്യങ്ങൾ – കലയപുരം മാർത്തോമ്മാ ചർച്ച്




ഓണവിപണി കണ്ണങ്കോട് സെന്റർ–തുവയൂർ സെന്റ് ആൻഡ്രൂസ്

# വൈവിദ്ധ്യമാർന്ന പ്രവർത്തന ശരണിയിലൂടെ.....




**പച്ചപ്പിൽ ജീവന്റെ കയ്യൊപ്പ്**

ഭദ്രാസനത്തിനുള്ള അവാർഡ് അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായിൽനിന്നും സ്വീകരിക്കുന്നു



അടൂർ ഭദ്രാസനത്തിൽ ഏറ്റവും മികച്ച സൺഡേസ്കൂളായി തെരഞ്ഞെടുക്കപ്പെട്ട കായംകുളം സെന്ററിനുള്ള ട്രോഫി ചുമതലക്കാർ ഏറ്റുവാങ്ങുന്നു



മണ്ണടി സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ നടത്തപ്പെട്ട ഐക്യക്കൂട്ടായ്മ



വെസ്റ്റ് കല്ലട മാർത്തോമ്മാ ഇടവക സന്ദർശനം



തേവലക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ വൈദീകവസതിയുടെ ശിലാസ്ഥാപനം



കാപ്പിൽ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ ലൈബ്രറി ഉദ്ഘാടനം

## അഭിനന്ദനങ്ങൾ



തിരുനെൽവേലി എം.എസ്. യൂണിവേഴ്സിറ്റിയിൽനിന്നും A Study on Occasion Based Marketing Strategies of consumer durable companies in Kerala എന്ന വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ഡോ. സ്റ്റാൻലി ജോർജ്ജ്** പറക്കോട് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ കളീക്കൽ പീസ് വില്ലായിൽ ശ്രീ. കെ. ജോർജ്ജ് ശാമുവേലിന്റെയും ശ്രീമതി. പൊന്നമ്മ ജോർജ്ജിന്റെയും മകനാണ്. പെരുമ്പാവൂർ മാർത്തോമ്മാ കോളേജിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു. ഭാര്യ: ലിജി സ്റ്റാൻലി. മക്കൾ: ഹന്ന, സാറ.



ചെന്നൈ വേൽസ് യൂണിവേഴ്സിറ്റിയിൽനിന്നും **Farm D** യിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ **ജോ അന്ന ജെയിംസ്** കുറത്തികാട് ജെറുശലേം മാർത്തോമ്മാ ഇടവകയിൽ മാലിശ്ശേരിൽ ശ്രീ. ജെയിംസ് എം. തോമസിന്റെയും ശ്രീമതി. സൂസന്റെയും മകളാണ്.




കേരള സംസ്ഥാന ഗവൺമെന്റ് അദ്ധ്യാപക അവാർഡ് 2016 അർഹനായ **ശ്രീ. തോമസ് ജോർജ്ജ്** കണ്ണംകോട് മാർത്തോമ്മാ ഇടവകാംഗവും തുമ്പമൺ ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലുമാണ്.

...12-ാം പേജ് തുടർച്ച

ജീവകാരുണ്യ പ്രവർത്തനങ്ങളിലും പങ്കുകൊണ്ടിരുന്നു. ഇത്തരം സേവനങ്ങൾ അദ്ദേഹത്തെ സുവിശേഷ ജോലികളിൽ പ്രവർത്തിക്കാൻ കാരണമാക്കി.

1944 ജനുവരിയിൽ മാർത്തോമ്മ സഭയുടെ ഡീക്കനായും പിന്നീട് അതേവർഷം ജൂണിൽ കശീശയായും വാഴിച്ചു. 1953 ൽ റമ്പാച്ചനുമായി. 1953 ൽ യൂഹന്നാൻ മാർത്തോമ്മ മെത്രാപ്പോലിത്ത അദ്ദേഹത്തിന് എപ്പിസ്ക്കോപ്പ സ്ഥാനം കൊടുത്തു. 1954 ൽ ബ്രിട്ടനിലെ കാർബെറിയിലുള്ള സെന്റ് അഗസ്റ്റിൻ കോളേജിൽ ദൈവശാസ്ത്രം പഠിച്ച് ബിരുദം നേടി. 1999 ൽ അലക്സാണ്ടർ മാർ മെത്രാപ്പോലീത്ത സ്ഥാനത്യാഗം ചെയ്തപ്പോൾ അദ്ദേഹത്തെ വലിയ മെത്രാപ്പോലീത്തയായി വാഴിച്ചു.

മാർ ക്രിസോസ്റ്റം ഹൃദയശുദ്ധി നിറഞ്ഞ, കപടതയറിയാത്ത തുറന്നൊരു പുസ്തകം പോലെയാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മഹനീയ വ്യക്തി പ്രഭാവമുള്ള ആദ്ധ്യാത്മിക ഗുരുവെന്നു പറഞ്ഞാലും അധികമാവില്ല. കുഞ്ഞുങ്ങളുടെ മനസ്സുള്ള അദ്ദേഹത്തിൽ ജ്വലിക്കുന്നത് ക്രിസ്തുവിന്റെ ചൈതന്യമാണ്. കാലത്തിനനുയോജ്യമായ സഭയെ നവീകരിക്കണമെന്ന സ്വപ്നമാണ് അദ്ദേഹത്തിനുള്ളത്. കഴിഞ്ഞകാല ചിന്തകളെ താലോലിച്ചു കൊണ്ടുള്ള സ്തുതിപാഠങ്ങളല്ല സഭയ്ക്കാവശ്യം; മറിച്ച് തെറ്റുകളെ തിരുത്തി സഭയുടെ പരിശുദ്ധി വീണ്ടെടുക്കാൻ, നേരായ വഴിയെ നയിക്കാൻ കഴിവും പ്രാപ്തിയുമുള്ള നേതൃത്വമാണ് സഭയ്ക്കാവശ്യമെന്നും വിശ്വസിക്കുന്നു.

90 വയസ് തികഞ്ഞതിന്റെ സ്മാരകമായി ജാതി മത ഭേദമെന്യേ 1500 ദരിദ്ര കുടുംബങ്ങൾക്കായി ഭവനനിർമ്മാണ പദ്ധതിയാരംഭിച്ചു. നവതി പ്രോജക്റ്റെന്ന പേരിൽ ഈ സാമൂഹിക പ്രസ്ഥാനത്തെ അറിയപ്പെടുന്നു. ഓരോ വീടിന്റെയും നിർമ്മാണച്ചെലവ് ഒരു ലക്ഷത്തി അമ്പതിനായിരം രൂപയായിരുന്നു. സഭയിലെ അംഗങ്ങൾ ഉദാത്തമായി സംഭാവന ചെയ്യുകയും പ്രോജക്റ്റ് വിജയ പ്രദമാക്കുകയും ചെയ്തു. മതസൗഹാർദത്തിന്റെ പ്രതീകമായി ഇന്ന് നവതി പ്രോജക്റ്റ് നിലകൊള്ളുന്നു.


മതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിലോ ഒരു പ്രത്യേക ജാതിയിലോ ഒതുങ്ങി നില്ക്കുന്നതല്ല മാർ ക്രിസോസ്റ്റം മെത്രാപ്പൊലീത്തായുടെ ലോകം. അദ്ദേഹത്തിന്റെ അജഗണങ്ങളിൽ ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ മുസ്ലീമെന്നോ വ്യത്യാസമില്ല.

മതങ്ങളെല്ലാം ഒന്നായാൽ വിരോധമില്ലെന്നും എന്നാൽ മതങ്ങൾ ഒന്നാകണമെന്നല്ല മറിച്ച്, വ്യത്യസ്തതകളെ മാനിക്കാൻ കഴിയണമെന്നാണ് തന്റെ അഭിപ്രായം. യാഥാസ്ഥിതിക ലോകത്തെ ഇത്രമാത്രം വെല്ലുവിളിച്ച മറ്റൊരു മെത്രാൻ ഭാരത സഭകളിൽ ഉണ്ടായിരിക്കില്ല. പിറന്നാളിന്റെ കൈത്തിരിയുമായി എത്തുന്നവരോട് ഈ അജപാലകന്റെ ആഗ്രഹം പ്രകടിപ്പിക്കുന്നതിങ്ങനെ, എല്ലാവർക്കും വീട്, ഭക്ഷണം, വിദ്യാഭ്യാസം, അസുഖം വരുമ്പോൾ ചികിത്സിക്കാനുള്ള സൗകര്യങ്ങൾ, ആശുപത്രികൾ, ഇത്രയും കാര്യങ്ങൾ സ്വപ്നം കാണുന്നു. ഇത് മാർ ക്രിസോസ്റ്റമെന്ന, വിശ്വാസത്തിന്റെ പാത താണ്ടിയ ഒരു നൂറ്റാണ്ടിന്റെ ശബ്ദമാണ്. ഏതു സമുദായത്തിനും സ്വീകാര്യനായ ഒരു വ്യക്തി ആരെന്നു ചോദിച്ചാൽ അത് മാർത്തോമ്മ സഭയുടെ പുണ്യാചാര്യനായ ക്രിസോസ്റ്റം വലിയ തിരുമേനി മാത്രമെന്നാണ് ഉത്തരം. കേരളത്തിന്റെ സാമൂഹികസാംസ്കാരികരംഗത്ത് സജീവസാന്നിദ്ധ്യമാണ് ക്രിസോസ്റ്റം തിരുമേനി എന്ന ഫിപ്പോസ് മാർ ക്രസോസ്റ്റം വലിയ മെത്രപ്പോലീത്ത. ചിരിയും ചിന്തയും സമന്വയിപ്പിക്കുന്ന അദ്ദേഹത്തിന്റെ കാഴ്ച്ചപാടുകൾ കേവലം മതത്തിനുള്ളിലോ സമുദായത്തിൻ നടുവിൽ ഒരാളായി ഏതു സമസ്യക്കും തന്റേതായ ശൈലിയിലുള്ള ഉത്തരവുമായി അദ്ദേഹമുണ്ട്.

ക്രിസോസ്റ്റത്തിന്റെ ചിന്തയിലൂടെ ഗാഢമായി സഞ്ചരിച്ച ഡി. ബാബുപോൾ പറയുന്നു. 'കുഞ്ചൻനമ്പ്യാർക്കും ഇ.വി കൃഷ്ണപിള്ളക്കും ശേഷം മലയാളികളെ ഏറ്റവും അധികം ചിരിപ്പിച്ച വ്യക്തി എന്നനിലയിലാണ് ക്രിസോസ്റ്റം തിരുമേനി പൊതുസമൂഹത്തില് അറിയപ്പെടുന്നതെങ്കിലും ആ ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ ബഹുമുഖഭാവം അടുത്തറിയുന്നവർക്കും വായിച്ചറിയുന്നവർക്കും അപരിചിതമല്ല. ക്രിസോസ്റ്റം തിരുമേനിയുടെ ജീവിതകഥ അനവധി അന്തർധാരകൾകൊണ്ട് സമ്പന്നമാണ്.

**നൂറിന്റെ നിറവിൽ നിറഞ്ഞുനിൽക്കുന്ന**
**മാർ ക്രിസോസ്റ്റം മാർത്തോമ്മാ**
**വലിയ മെത്രാപ്പോലീത്തായ്ക്ക്**
**2017 ജനുവരി 8 – ാം തീയതി ഞായറാഴ്ച**
**അടൂർ ഭദ്രാസനത്തിന്റെ ഊഷ്മള**
**വരവേൽപ്പ് നൽകുന്നു**

# BOOK REVIEW




O.C. Cherian, "**Droplets of Godly Virtues**"

**'DROPLETS OF GODLY VIRTUES'** written by **Mr. O. C. Cherian Ooramvelil**, is a book mainly meant for youth and parents. Rt. Rev. Joseph Mar Barnabas Episcopa wrote in the preface of the book, 'It being a garland of thoughts with the 26 alphabets of English, for systematic reading and rehearsal for daily spiritual nurture for all mankind, irrespective of religion, caste, and creed'.

The 26 articles in the alphabetical order beginning with 'ATTITUDE' and ends with 'ZEBRALINE OF LIFE'. These are all thoughts providing powerful means of energy for success in life. We live in a world where we see erosion of values and moral degradation. We have to develop a positive attitude in life and help others also for that.

This book will help the readers to develop a positive attitude in life and a meaningful spirituality. I congratulate the author for this beautiful book.

**Rt. Rev. Dr. Mathews Mar Makarios Episcopa**
24th June 2016
Mar Thoma Bhavan, Chennai

| | | |
|---|---|---|
| **ഭദ്രാസന കൺവൻഷൻ** | : | **2017 ജനുവരി 4 മുതൽ 8 വരെ** |
| **കലയപുരം കൺവൻഷൻ** | : | **2017 ജനുവരി 11 മുതൽ 15 വരെ** |
| **ഇടത്തറ കൺവൻഷൻ** | : | **2017 ജനുവരി18 മുതൽ 22 വരെ** |
| **കല്ലട കൺവൻഷൻ** | : | **2017 ജനുവരി 10 മുതൽ 15 വരെ** |

*pray*
*prepare*
*participate*

**ന്യൂ പാരീഷ് കൺവൻഷൻ: 2016 സെപ്റ്റംബർ 28,29 തീയതികളിൽ**
**വൈകിട്ട് 6 മണിമുതൽ മണ്ണടി സെന്റ് തോമസ് മാർത്തോമ്മ പള്ളിയിൽ വെച്ചും**
**സംയുക്ത ആരാധനയും വിശുദ്ധ കുർബ്ബാനയും**
**സെപ്റ്റംബർ 30 ന് രാവിലെ 9 മണിക്ക് പുതുശ്ശേരിഭാഗം**
**ബെഥേൽ മാർത്തോമ്മാ പള്ളിയിൽ വെച്ചും**

**മാർത്തോമ്മ സഭയിലെ സജീവസേവനത്തിൽ നിന്നും വിരമിച്ച വൈദീകരുടെ സംഗമം**
**2016 ഒക്ടോബർ 18–ാം തീയതി 10 മണിമുതൽ മാർത്തോമ്മ യൂത്ത് സെന്ററിൽ**



അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതിന് നവംബർ 10–നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം

**2017 ജനുവരി – മാർച്ച്**
**വിഷയം : വചനത്തിന്റെ കനൽവഴികൾ**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ്– 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ– 691523**
E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com



# മാതാപിതാക്കൾ മക്കളുടെ സുവിശേഷകർ



റവ. ബോബി കെ. ജോർജ്ജ്
ഏഴംകുളം ശാലേം

ദൈവം സൃഷ്ടിച്ച ഏറ്റവും മനോഹരവും ഉദാത്തവുമായ ഘടകമാണ് കുടുംബം. കുടുംബം ഓരോവ്യക്തിക്കും വ്യക്തിത്വദർശനം നൽകുന്നതും സംരക്ഷണം ഉറപ്പാക്കുന്നതുമായ ഇടമാണ്. അങ്ങനെയുള്ള കുടുംബത്തിലൂടെ ആഴമായ ദൈവബോധവും പരിജ്ഞാനവും നിറഞ്ഞ് തലമുറയെ കെട്ടുപണിചെയ്യേണ്ടത് ഓരോ മാതാപിതാക്കളുടേയും ഉത്തവാദിത്വമാണ്. ഇന്ന് കുടുംബം ദ്രുതഗതിയിലുള്ള ലൗകിക മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിന്റെ ഘടനയിലും ഉത്തരവാദിത്വത്തിലും ബന്ധങ്ങളിലും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. കൂട്ടുകുടുംബത്തിൽ തുടങ്ങി അണുകുടുംബത്തിലൂടെ കടന്ന് വേർപിരിഞ്ഞ കുടുംബബന്ധങ്ങളിലേക്കും ലോകം എത്തിയിരിക്കുമ്പോൾ യഥാർത്ഥ കുടുംബത്തിന്റെ ഘടന നിർവ്വചിക്കുക പ്രയാസമാണ്. ഈയൊരു കാലഘട്ടത്തിൽ മാതാപിതാക്കൾ മക്കളുടെ സുവിശേഷകരായിത്തീരുന്നു എന്നത് ഒരു വെല്ലുവിളിയാണ്.

**വിശ്വാസ രൂപികരണത്തിലൂടെ**

ഒരു വ്യക്തിയിൽ ദൈവവിശ്വാസം രൂപപ്പെടുന്നത് ക്രമമായ ആരാധനയിലും ദൈവവചന വായനയിലും പഠനത്തിലും പ്രാർത്ഥനയിലും കൂട്ടായ്മയിലും കൂടിയാണ്. അതുകൊണ്ട് വിശ്വാസത്തെ പരിപോഷിപ്പിക്കുന്ന അനുഷ്ഠാനങ്ങളും ശീലങ്ങളും ആവശ്യമാണ്. വിശ്വാസ ജീവിതത്തിന് മൂന്ന് മാനങ്ങൾ ഉണ്ട്. ബൗദ്ധികമാനവും, അശ്രയത്വമാനവും, സമർപ്പണമാനവും. ബൗദ്ധികമാനത്തിൽ നിന്ന് വളർന്ന് സമർപ്പണമാനത്തിൽ എത്തുമ്പോഴെ വിശ്വാസം പരിപൂർണ്ണവും സജീവവുമാകയുള്ളു. പൗലോസ് അപ്പോസ്തോലൻ തിമൊഥെയോസിനെക്കുറിച്ച് സാക്ഷിക്കുന്നത് (2 തിമൊ 1:5) കുടുംബത്തിലൂടെ കൈമാറ്റപ്പെടുന്ന വിശ്വാസപ്രഖ്യാപനത്തെക്കുറിച്ചാണ്. നിന്റെ വലിയമ്മ ലോവീസിലും അമ്മ യുനീ

> **വിശ്വാസ ജീവിതത്തിന് മൂന്ന് മാനങ്ങൾ ഉണ്ട്. ബൗദ്ധികമാനവും, അശ്രയത്വമാനവും, സമർപ്പണമാനവും. ബൗദ്ധികമാനത്തിൽ നിന്ന് വളർന്ന് സമർപ്പണമാനത്തിൽ എത്തുമ്പോഴെ വിശ്വാസം പരിപൂർണ്ണവും സജീവവുമാകയുള്ളു**

ക്കയിലും ഉണ്ടായിരുന്ന വിശ്വാസം നിന്നിലും ഉണ്ടെന്ന് വിശ്വസിക്കുന്നു. വിശ്വാസ രൂപികരണത്തിന്റെ പാഠങ്ങൾ തലമുറയിലേക്ക് പകരപ്പെടുന്നത് മാതാപിതാക്കളിലൂടെയാണ്. മോശ യിസ്രായേൽ ജനതയോട് " യിസ്രായേലേ കേൾക്ക യഹോവ നമ്മുടെ ദൈവമാകുന്നു" (ആവർ 6:4) എന്ന വിശ്വാസപ്രഖ്യാപനം തലമുറകളിലേക്ക് ഉപദേശിച്ച് കൊടുക്കണമെന്നും കല്പ്പിക്കുന്നു(ആവർ 6:7) അതിന്റെ തുടർ പ്രഖ്യാപനമാണ് യോശുവ തന്റെ ജനത്തിന്റെ മദ്ധ്യേ ഏറ്റു പറയുന്നത് ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും. അങ്ങനെ തലമുറകളിലേക്ക് പകരപ്പെടുന്ന ദൈവിക വിശ്വാസം അവരെ സമഗ്രതയിലേക്ക് നയിക്കുന്നു.

**ധാർമ്മിക ശിക്ഷണത്തിലൂടെ**

സമൂഹത്തിൽ അർത്ഥവത്തായി ജീവിക്കുവാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്ന ഒരു ഘടകം അവന്റെ ധാർമ്മിക ബോധമാണ്. ധാർമ്മിക ശിക്ഷണം തലമുറയിലേക്ക് പകരപ്പെടുന്നത് കുടുംബത്തിലൂടെയാണ്. ധാർമ്മികബോധം നഷ്ടപ്പെടുന്ന ഇടങ്ങളിൽ തിന്മയുടെ അനുയായികളായിത്തീരാനുള്ള സാധ്യത വലുതാണ്. പോത്തിഫറിന്റെ ഭവനത്തിൽ ലൗകീക പ്രലോഭനങ്ങൾക്ക് വിധേയനാകാത്ത യോസേഫിനെ അതിൽനിന്നും വിമുക്തനാക്കിയത് തന്നെതന്നെ മലിനമാക്കില്ല എന്ന ധാർമ്മികബോധമാണ്. ഇന്ന് പരമ്പരാഗത ധാർമ്മിക ബോധങ്ങളെ ലംഘിച്ചുകൊണ്ട് പുതിയ ധാർമ്മിക ബോധങ്ങൾക്ക് വിധേയരായികൊണ്ടിരിക്കുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവഗണിക്കപ്പെടുന്ന വയോധികരും ഇരകളാക്കപ്പെടുന്ന ബാല്യങ്ങളും അപമാനിക്കപ്പെടുന്ന സ്ത്രീത്വവും ഈ പുതിയ ധാർമ്മികതയുടെ പ്രത്യേകതയാണ്. ന്യായം പ്രവർത്തിപ്പാനും ദയാതല്പരരായി ഇരിപ്പാനും കഴിയുന്ന ധാർമ്മികതയാണ് ഈ കാലഘട്ടത്തിന് ആവശ്യം. അങ്ങനെ ദൈവനീതിയുടെ ആവിഷ്ക്കാരം നടത്തുന്നതിലേക്ക് തലമുറകളെ നയിക്കുകയും ചെയ്യുവാൻ മാതാപിതാക്കൾക്ക് കഴിയണം.

**ബന്ധങ്ങളുടെ ഊഷ്മളതയിലൂടെ**

ബന്ധങ്ങളുടെ ആഴവും പവിത്രതയുമാണ് കുടുംബ ബന്ധങ്ങളെ അർത്ഥവത്തും സജീവവുമാകുന്നത്. ഓരോ കുഞ്ഞും ഉള്ളിൽ വളരുന്നത് അതിന്റെ അമ്മയെ ഭക്ഷിച്ചാണ്. അഭേദ്യമായ ഒരു ബന്ധത്തിന്റെ തുടക്കം. ഇന്ന് ബന്ധങ്ങളെ അവഗണിച്ച് സ്വകാര്യതയുടെ ആസ്വാദനത്തം ആഗ്രഹിക്കുന്ന ഒരു ജനതയെയാണ് നാം കാണുന്നത്. ഇതര മനുഷ്യരുമായുള്ള ബന്ധത്തെ ഉപേക്ഷിക്കാൻ കഴിയുന്ന വിധത്തിൽ നവസാമൂഹിക മാധ്യമങ്ങൾ രൂപപ്പെടുത്തുന്ന ശീലങ്ങൾ മനുഷ്യജീവിതത്തിൽ ഇടപ്പെട്ടു തുടങ്ങിയിരിക്കുന്നു. കുടുംബാംഗങ്ങളുമായി ആശയവിനിമയം കുറയുന്നതിലൂടെ വ്യക്തിയുടെ വൈകാരികപക്വത പ്രതിസന്ധിയിലാകുന്നു. അങ്ങനെ സാമൂഹിക ബന്ധങ്ങൾ വികസിക്കുകയും കുടുംബത്തിനുള്ളിലെ ബന്ധങ്ങൾ പരിമിതപ്പെടുകയും ചെയ്യുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ പരസ്പരം കരുതി ഒരുമിച്ച് വളരുന്ന ബന്ധമാണ് ഇന്നിന്റെ ആവശ്യം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ശക്തമായി നിലനില്ക്കേണ്ടതാണെന്ന് പൗലോസ് പറയുന്നു(എഫെ 6:1-14) തലമുറകളെ സ്നേഹത്തോടും വിവേകത്തോടും പരിരക്ഷിക്കുന്നതും മാതൃകാപരമായി നയിക്കേണ്ടതും കുടുംബമാണ്.

ഓരോ കുഞ്ഞിനേയും സമഗ്രവ്യക്തിത്വത്തിനുടമകളാക്കി രൂപപ്പെടുത്തുന്നവരാണ് മാതാപിതാക്കൾ. കുടുംബത്തിനുള്ളിലെ ആശയവിനിമയങ്ങൾ നഷ്ടപ്പെടാതെയും കുടുംബബന്ധങ്ങൾ ശിഥിലമാക്കാതെയും ഇരിക്കേണ്ടതിന് തലമുറകളെ വിശ്വാസരൂപികരണത്തിലൂടെ വളർത്തിയെടുക്കുവാനും ധാർമ്മിക ശിക്ഷണത്തിലൂടെയും ബന്ധങ്ങളുടെ ഊഷ്മളതയിലൂടെയും ദൈവരാജ്യ ശീലങ്ങളെ തലമുറകൾക്ക് കൈമാറുവാൻ മാതാപിതാക്കൾക്ക് സാധ്യമായിത്തീരട്ടെ.

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ അവാർഡ്

**മാർത്തോമ്മാ സഭാ വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച**

**പച്ചപ്പിൽ ജീവന്റെ കയ്യൊപ്പ്**

**എന്ന പദ്ധതി ഭദ്രാസനതലത്തിൽ ഏറ്റവും കൂടുതൽ ഇടവകകളിൽ പ്രാവർത്തികമാക്കിയ മാർത്തോമ്മാ സഭയുടെ അവാർഡ് അടൂർ ഭദ്രാസന വികസനസംഘത്തിനു വേണ്ടി മലങ്കര മാർത്തോമ്മാ മെത്രാപ്പോലീത്തായിൽനിന്നും ഭദ്രാസന സെക്രട്ടറി വെരി.റവ. സ്കറിയാ ഏബ്രഹാം സഭാ പ്രതിനിധി മണ്ഡലത്തിൽ വെച്ച് സ്വീകരിച്ചു. വികസനസംഘം ചുമതലക്കാർക്കും പ്രവർത്തകർക്കും പ്രത്യേകം അഭിനന്ദനം**



# ഗൃഹമെന്ന പാഠശാലയിലെ അദ്ധ്യാപകർ



റവ. സജു ശമുവേൽ .റ്റി
നൂറനാട് ശാലേം

" ഇന്ന് ദൈവമുമ്പാകെയും തിരുസഭയുടെമുമ്പാകെയും ഈ പൈതലിനുവേണ്ടി സാത്താനെ ഉപേക്ഷിക്കുന്നു, യേശു മശിഹായെ കൈക്കൊള്ളുന്നുവെന്ന് പ്രതിജ്ഞചെയ്തിട്ടുള്ള മാതാപിതാക്കൾക്കും ജ്ഞാനമാതാപിതാക്കൾക്കും പ്രത്യേക കടമയുണ്ട്..........വിശ്വാസത്തിലും സഭയുടെ ഉപദേശത്തിലും അവരെ വളർത്തികൊണ്ടുവരേണ്ടത് നിങ്ങളുടെ ചുമതലയാണ്.......... അഭ്യസിപ്പിക്കേണ്ട ചുമതല സഭ നിങ്ങളെ ഭരമേല്പ്പിച്ചിരിക്കുന്നു."( വിശുദ്ധ മാമോദീസാ ശുശ്രൂഷയിൽ കാർമ്മീകൻ നൽകുന്ന പ്രബോധനം)

ഭൗതികതയിലേക്കും ആർഭാടജീവിതത്തിലേക്കും നയിക്കപ്പെടുന്ന ചില സൂത്രവിദ്യകളായി ആധുനിക വിദ്യാഭ്യാസം പരാജയപ്പടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസം പുലർത്തുന്ന പലരും അക്രമത്തിലേക്കും, അഴിമതിയിലേക്കും, അനീതിയിലേക്കും, തീവ്രവാദ-ക്വട്ടേഷൻ-മാഫിയ സംഘങ്ങളിലേക്കും തിരിയുന്നു എന്നത് അദ്ധ്യാപന രീതികളുടെ പ്രസക്തിയെ ചോദ്യം ചെയ്യുന്നു. സൈബർ കുറ്റകൃത്യങ്ങളും ലഹരി പദാർത്ഥങ്ങളോടുള്ള ആസക്തിയും, ലൈംഗീക ചൂഷണവും, വർദ്ധിച്ചുവരുന്ന ഈ നാളുകളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും അദ്ധ്യാപനവും വളരെ പ്രസക്തമാണ്. വ്യക്തിത്വവികസനത്തിന് നൂതന ബോധരീതികളും (pedagogy) രീതിശാസ്ത്രങ്ങളും മാറിമാറി പരീക്ഷിക്കപ്പെടുമ്പോഴും ഗൃഹം എന്ന പാഠശാലയിലെ അധ്യാപകരുടെ സാധ്യതയും വെല്ലുവിളികളും നാം തിരിച്ചറിയേണ്ടതുണ്ട്.

**യഹോവയെ സേവിക്കുകയും യഹോവയെ സേവിക്കുവാൻ സജ്ജരാക്കുകയും ചെയ്യുന്ന മാതാപിതാക്കൾ മക്കളുടെ സുവിശേഷകരാണ്**

" ദൈവം നിങ്ങൾക്ക് മക്കളെ നൽകുമ്പോൾ അവരെ ഭക്തിയിലും നീതിബോധത്തിലും സഭാ സ്നേഹത്തിലും വളർത്തണം" എന്ന പ്രബോധനമാണ് വിവാഹ കൂദാശയിൽ കേൾക്കുക. ബുദ്ധിയുടെ ഔന്നത്യത്തൊടൊപ്പം ആത്മാർത്ഥയുടെ ശ്രേഷ്തയാണ് യഥാർത്ഥ അധ്യാ

പനത്തിന്റെ അന്ത:സത്ത. രക്ഷകർത്തൃത്വം (parenting) എന്ന ബോധന രീതിയോളം ആത്മാർത്ഥ നിറഞ്ഞ ഒരു അധ്യാപന കലയും ഭൂമിയിൽ ഇന്നോളം ഉണ്ടായിട്ടില്ല. പ്രസിദ്ധമായ പാഠശാലകളും, സർവ്വകലാശാലകളും പ്രഗത്ഭരായ അദ്ധ്യാപകരും എല്ലായ്പ്പോഴും വിലമതിക്കപ്പെട്ടതാണ് എന്നിരുന്നാലും അവയിൽ എത്രയോ വലിയ അദ്ധ്യാപകരാണ് നമ്മുടെ മാതാപിതാക്കൾ. ശൈശവത്തിലും കൗമാരത്തിലും യൗവ്വനത്തിലും ഒരുവന്റെ ആളത്വ രൂപികരണത്തിന് ഏറെ സ്വാധീനം ചെലുത്തപ്പെടുന്നത് ഈ ശ്രേഷ്ഠ അദ്ധ്യാപകരാണ്. മക്കളുടെ അഭിരുചി മനസ്സിലാക്കി മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന ഗുരുക്കന്മാരാണ് നമ്മുടെ മാതാപിതാക്കൾ. കുടുംബമാണ്/ഗൃഹമാണ് പ്രഥമ പാഠശാല.

**വിശ്വാസ രൂപികരണത്തിന്റെ പാഠശാല**

വിശ്വാസ രൂപികരണം എന്ന ശ്രേഷ്ഠപാഠം പഠിപ്പിക്കുന്ന ഇടമാണ് കുടുംബം. വലിയമ്മ ലോവിസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്ന വിശ്വാസമാണ് തിമൊഥെയോസിന്റെ നിർമ്മല വിശ്വാസത്തിന് ആധാരം എന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. പാലൂട്ടി വളർത്തുന്നതിനോടൊപ്പം വിശ്വാസത്തിന്റെ രുചിയും ഗുണവും പകർന്ന് നൽകുന്നു എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. വിശ്വാസ രൂപികരണത്തിന് അനുയോജ്യമായ അന്തരീക്ഷം നമ്മുടെ കുടുംബങ്ങളിൽ ഉറപ്പുവരുത്തണം. കഥകളിലൂടെ വേദപുസ്തകത്തെ സ്നേഹിക്കുന്നവരും , വേദവാക്യങ്ങളിലൂടെ ദൈവവചനം പഠിക്കുന്നവരും പ്രമാണിക്കുന്നവരും ആയിത്തീരുവാൻ പ്രചോദനം നൽകാൻ മാതാപിതാക്കൾക്ക് കഴിയും. തലമുറകളിലേക്ക് കൈമാറപ്പെടേണ്ടതാണ് വിശ്വാസ പാഠങ്ങൾ. ദൈവ അവബോധം നൽകുന്ന ഗുരുക്കന്മാർ എന്ന നിലയിൽ ദൈവീക രക്ഷാപദ്ധതിയിൽ ഭാരിച്ച ഉത്തരവാദിത്വമാണ് മാതാപിതാക്കൾക്കുള്ളത്.

**ബന്ധങ്ങളെ ശാക്തീകരിക്കുന്ന പാഠശാല**

സുവിശേഷകരും അദ്ധ്യാപകരും എന്ന നിലയിൽ മാതാപിതാക്കൾ നൽകുന്ന ഗുണപാഠങ്ങളിൽ ശ്രദ്ധേയമായവ സ്നേഹവും ബന്ധങ്ങളുടെ ഊഷ്മളതയുമാണ്. 'മുടിയനായ പുത്രൻ' എന്നറിയപ്പെടുന്ന ഉപമ (ലൂക്കോസ്:15:11-32) ഈ ആശയത്തെ സാധൂകരിക്കുന്നു. ഭൗതീക തത്പരനായ ഈ മകൻ ബന്ധങ്ങളെ വിലമതിക്കാതെ വീടുവിട്ടിറങ്ങി പോയപ്പോഴും വാത്സല്യത്തിന്റെ ഉദാഹരണമായി നിലകൊള്ളുന്നു. അളവറ്റ സ്നേഹത്തിന്റെ വറ്റാത്ത ഉറവയും കലവറയുമാണ് മാതാപിതാക്കൾ. മകന്റെ ജീവിതത്തെ ആഴമായ ബന്ധത്തിന്റെ വില പഠിപ്പിച്ച് ക്രമപ്പെടുത്താൻ തങ്ങളുടെ ത്യാഗോന്മുഖമായ സ്നേഹമാണ് ഈ ഗുരുക്കന്മാർ അവലംബിക്കുന്ന ശൈലി. നിസ്വാർത്ഥ സ്നേഹത്തിന്റെ ആൾരൂപങ്ങളാണ് ഈ പാഠശാലയിലെ അദ്ധ്യാപകർ. ബന്ധങ്ങളെ വികലമാക്കി നഷ്ട്ടപ്പെട്ടുപോയ മക്കളെയോർത്ത് കണ്ണീർ വാർക്കുവാനും അവരുടെ മടങ്ങിവരവിനായി കാത്തിരിക്കുവാനും അവരുടെ മടങ്ങിവരവ് ആഘോഷമാക്കുവാനും ഹൃദയ വിശാലത മാതാപിതാക്കൾക്ക് മാത്രമാണ് ഉണ്ടാവുക. ക്ഷമയിലൂടെയും സ്നേഹത്തിലൂടെയും അറ്റുപോയ ബന്ധങ്ങളെ കൂട്ടിയോജിപ്പിക്കുവാൻ പഠിപ്പിക്കുന്നവർ ആദരിക്കപ്പെടണം.

**ജീവന കലയുടെ പാഠശാല**

തൊഴിൽ അധിഷ്ഠിതമല്ല ജീവിതാധിഷ്ഠിത വിദ്യാഭ്യാസമാണ് ഈ പാഠശാല നൽകുന്നത്. ഈ പാഠശാലയിലെ പ്രഥമവും പ്രധാനവുമായപാഠം ജീവന കലയാണ്. അദ്ധ്യാപനം മാതാപിതാക്കൾ ചെയ്യുന്ന ജോലിയോ കടമയോ അല്ല. രക്ഷകർതൃത്വം എന്നത് അദ്ധ്യാപനത്തെ സൂചിപ്പിക്കുന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്ന് പറഞ്ഞ മാതാവും (മറിയ), ദൈവദൂതൻ പറഞ്ഞതുപോലെ ചെയ്ത പിതാവും (യോസഫ്) വളർത്തിയ പുത്രൻ (യേശു) " എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത്" എന്ന് പറയുവാൻ ഇടയായതിൽ അതിശയമില്ല. ദൈവാലയത്തിൽ മാതാപിതാക്കളോടൊപ്പം പോയിരുന്ന ബാലനായ യേശു തന്റെ മാതാപിതാക്കളാൽ അഭ്യസിപ്പിക്കപ്പെട്ട ജീവന കലയുടെ ഉദാഹരണമാണ്. ദൈവത്തോടുള്ള വിധേയത്വവും മനുഷ്യരോടുള്ള ഉത്തരവാദിത്വവുമാണ് ഈ പാഠശാലയുടെ ലക്ഷ്യം.

ജീവിതത്തിന്റെ അർത്ഥവും പൊരുളും മനസ്സിലാക്കിക്കൊടുക്കുവാൻ മാതാപിതാക്കളെ പോലെ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള മറ്റാരുമില്ല. ശിക്ഷണവും ശിഷ്യത്വവും ഒരുപോലെ സമന്വയിപ്പിക്കാൻ ശ്രേഷ്ഠ ഗുരുക്കന്മാരായ മാതാപിതാക്കൾ ശ്രദ്ധിക്കുന്നു. ചില പ്രഭാക്ഷണമോ പ്രസംഗമോ അല്ല ഈ അദ്ധ്യാപനത്തിന്റെ രീതി- പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളുടെ പങ്കിടലാണ്. ധാർമ്മികതയിൽ അടിസ്ഥാനപ്പെട്ട പാഠങ്ങൾ ഇവിടെ സംവേദനം ചെയ്യപ്പെടുന്നു. കരുണയുടെ, കരുതലിന്റെ, സാഹോദര്യത്തിന്റെ, പങ്കിടലിന്റെ വക്താക്കളായി തീരുവാൻ ഈ പാഠശാല നമ്മെ സഹായിക്കും. പാഠശാലകൾ അറിവ് പകർന്ന് നൽകുമ്പോൾ കുടുംബം ജ്ഞാനം പകരാൻ പ്രേരിപ്പിക്കുന്നു. അനുദിന ജീവിതത്തിന്റെ പ്രശ്നങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യപ്പെടുന്നതിന് ഗൃഹം എന്ന പാഠശാലയുടെ സാധ്യത വലുതത്രേ. വിവേകത്തിന്റെയും ധാർമ്മികതയുടേയുംപാത കാട്ടിത്തരുന്ന മാതാപിതാക്കൾ സുവിശേഷകരും അദ്ധ്യാപകരും എന്ന നിലയിൽ അനുസരിക്കപ്പെടേണ്ടവരാണ്.

വ്യക്തിത്വം വികലമാക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ വാത്സല്യത്തോടൊപ്പം ഒരു പുതിയ സമൂഹത്തിന്റെ നിർമ്മിതിയാണ് മാതാപിതാക്കളുടെ അദ്ധ്യാപന ധർമ്മം. ജീവിതത്തെ പ്രകാശമാനമാക്കുന്ന വിദ്യാഭ്യാസ സിദ്ധാന്തമാണ് രക്ഷകർത്തൃത്വം എന്നത്. രക്ഷകർത്തൃത്വം ഒരു സ്വകാര്യ അനുഭവമായി കാണാതെ ദൈവം ഏൽപ്പിച്ച നിയോഗം എന്ന് മാതാപിതാക്കളും കുട്ടികളും തിരിച്ചറിയേണ്ടിയിരിക്കുന്നു. ഈ പഠന പ്രക്രിയയിൽ വീഴ്ച സംഭവിക്കുന്നു എങ്കിൽ നൂതന രീതികളിലൂടെ അവയെ പുനഃക്രമീകരണം ചെയ്യുവാൻ നമുക്ക് കഴിയണം. ഈ പാഠശാലയും അതിലെ അദ്ധ്യാപകരും ഒരു വരദാനമാണ്.

# അന്യസംസ്ഥാനക്കാർ അന്യരല്ല

കേരളത്തിലേക്ക് ഇതരസംസ്ഥാന തൊഴിലാളികളുടെ കുത്തൊഴുക്ക് തുടരുന്നു. ഇവരുടെ എണ്ണം 40 ലക്ഷം കവിഞ്ഞു. മറ്റൊരുസംസ്ഥാനത്തേക്കുമില്ലാത്തവിധം കേരളത്തിലേക്ക് അന്യസംസ്ഥാനക്കാർ എത്തുന്നുണ്ട്. ഇവരിൽ 45 ശതമാനവും ബംഗാളികളാണ്. എറണാകുളം ജില്ലയിൽ 8 ലക്ഷത്തിലധികമാണ്. കോഴിക്കോട്ടും, പാലക്കാട്ടും, തിരുവനന്തപുരത്തും ജില്ലകളിൽ 4 ലക്ഷത്തിൽ അധികംവരും. തൃശ്ശൂരും കൊല്ലവും മലപ്പുറവും രണ്ടു ലക്ഷത്തിനും മൂന്നുലക്ഷത്തിനുമിടയ്ക്ക് അന്യസംസ്ഥാന തൊഴിലാളികൾ വീതം ഉണ്ടെന്നാണ് കേന്ദ്രഏജൻസി നടത്തിയ റിപ്പോർട്ട്. ആഴ്ചയിൽ കുറഞ്ഞത് 1500 പേര് പുതുതായി കേരളത്തിലെത്തുന്നുണ്ടെന്നാണ് കണക്ക്.

അസംഘടിതരും അടിസ്ഥാന സൗകര്യങ്ങൾപോലും നിഷേധിക്കപ്പെട്ട അന്യസംസ്ഥാന തൊഴിലാളികൾ ദൗത്യത്തിന്റെ പുത്തൻ വെല്ലുവിളിയായി നിലകൊള്ളുന്നു. ഒരു കാലത്ത് സുവിശേഷദൗത്യവുമായി നോർത്ത് ഇന്ത്യൻ ഗ്രാമങ്ങൾ നാം തേടിപ്പോയെങ്കിൽ കേരളം ഇന്നും ഒരു ബംഗാൾആയി മാറിയിരിക്കുന്നു. അവരുടെ അദ്ധ്വാനവും വിയർപ്പും കേരളമണ്ണിന്റെ പുരോഗതിയ്ക്ക് കാരണമാകുന്നു. ഇവരുടെ ആത്മരോദനവും, ആത്മസംഘർഷങ്ങളും നമുക്ക് കണ്ടില്ലായെന്നു നടിക്കുവാൻ ആവില്ല.

അടൂർ ഭദ്രാസനത്തിന്റെ പുതിയ കാൽവയ്പ്പായിരുന്നു കൊല്ലം ജില്ലയിലെ തേവലക്കര മാർത്തോമ്മ വലിയപള്ളിയിൽ 2016 സെപ്റ്റംബർ 4-ാം തീയതി ഞായറാഴ്ച ക്രമീകരിച്ച അന്യസംസ്ഥാന തൊഴിലാളികളുടെ സംഗമം. അഭിവന്ദ്യ ഭദ്രാസന എപ്പിസ്കോപ്പ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ സംഗമം ഭദ്രാസനത്തിന്റെ പുത്തൻപ്രവർത്തന പദ്ധതിക്കു തുടക്കമായി. ബഹുമാനപ്പെട്ട റവ. റോജി മാത്യൂസ് എബ്രഹാം, റവ. സാം.റ്റി. പണിക്കർ, സെന്ററിലെ മറ്റു വൈദീകർ, ആത്മായ നേതൃത്വം ഇവരുടെ സാന്നിധ്യവും സഹകരണവും ഈ സംഗമം കൂടുതൽ അർത്ഥവത്തും ആഹ്ലാദഭരിതവും ആക്കിത്തീർന്നു. അന്യസംസ്ഥാനക്കാർ അന്യരല്ല എന്നുള്ള കാഴ്ചപ്പാടോടെ ഭദ്രാസനത്തിലെ എല്ലാ ഇടങ്ങളിലും സാദ്ധ്യമായിത്തീരട്ടെ.



കവിത

# യേശുരക്ഷകൻ

യേശു എൻ പ്രകാശവും
നിൻ മധുര സ്വരവും
വഴിയും സത്യവും ജീവനും
നിന്നെ ഒരിക്കലും മറക്കാൻ
ഇടവരുത്തീടരുതെ
നിന്നെ അറിഞ്ഞിട്ടും
നിന്നിൽ ഞാൻ ലയിച്ചിട്ടും
നിന്റെ കൂടെ വസിച്ചിട്ടും
നിന്റെ കൂടെ നടന്നിട്ടും
എന്റെ ജീവിതെ തന്നെയും
മറക്കാൻ ശ്രമിച്ചാലും
മറക്കാൻ കഴിയുമോ
നിൻ മധുര സ്മരണകൾ മനസ്സിൽ
നീ ആണെൻ രക്ഷകൻ

സിസിലി ജോർജ്ജ്
സെന്റ് തോമസ് ചർച്ച് പള്ളിക്കൽ



# ക്രിസ്തുമസ് അമ്മയുടെ കണ്ണുകളിലൂടെ



**സീനാ സാം**
മാർത്തോമ്മ വലിയപള്ളി
തേവലക്കര

**മാ**നവരാശിയോടുള്ള ദൈവസ്നേഹം ക്രിസ്തുവിന്റെ ജഡാവതാരമായി മണ്ണിൽ അവതീർണ്ണമായതാണ് ക്രിസ്തുമസ്. പിതാവായ ദൈവത്തിന്റെ സ്നേഹവും പുത്രനായ ക്രിസ്തുവിന്റെ താഴ്മയും പ്രകടമാക്കപ്പെടുമ്പോൾതന്നെ ഈ ജഡാവതാരത്തിൽ ഒട്ടും ഒളിമങ്ങാതെ നില്ക്കുന്ന ഒന്നാണ് അമ്മയായ മറിയത്തിൽ ദൃശ്യമായ 'ശക്തമായ മാതൃസങ്കൽപ്പം'. നിന്റെഹിതം പോലെ എനിക്ക് ഭവിയ്ക്കട്ടെ എന്ന മറിയത്തിന്റെ സമ്മതം അതാകുന്നു മാനവ ചരിത്രത്തെതന്നെ രണ്ടായി വിഭജിച്ച ആ സുന്ദരമുഹൂർത്തത്തിന് കാരണമായിത്തീർന്നത്. കൗമാരം പിന്നിട്ടില്ലെങ്കിലും ദൈവഹിതപ്രകാരമുള്ള മാതൃത്വത്തെ ഏറ്റെടുത്തുകൊണ്ട് പക്വതയാർന്ന ഒരു സ്ത്രീയെപ്പോലെ മറിയ പ്രതികരിയ്ക്കുന്നു.

മറിയയ്ക്ക് ലഭിച്ച മംഗളവാർത്തയേക്കാളുപരി അതിനുശേഷം അവൾ നയിച്ച വിശ്വാസ  ജീവിതയാത്രയാണ് ഈ ക്രിസ്മസ് കാലഘട്ടത്തിൽ അമ്മമാരായ നമ്മെ പ്രചോദിപ്പിക്കേണ്ടത്. ക്രിസ്തുവിന് ജന്മം നല്കി എന്നത് മാത്രമല്ല മറിയയുടെ ധൈര്യപൂർവ്വമായ പ്രതികരണങ്ങളും ഇടപെടലുകളും അവളെ 'സ്ത്രീകളിൽ അനുഗ്രഹീത' എന്ന പദവിയിലേക്ക് ഉയർത്തി മാതൃത്വത്തിന്റെ ചില ശക്തമായ മാതൃകകൾ ഈ അമ്മയിൽ നിന്നും നമുക്ക് പഠിക്കുവാനായിട്ടുണ്ട്.

**ലോകത്തിനുവേണ്ടി ജീവിക്കുന്ന മക്കളെ രൂപപ്പെടുത്തി എടുക്കുക**

തന്റെ പുത്രനെ ലോകത്തിന്റെ രക്ഷക്കായി ഒരുക്കിയെടുക്കുന്നതിന് മറിയയ്ക്ക് സാധിച്ചു. അതുതന്നെയാണ് വളരെ ചെറുപ്രായത്തിൽ തന്റെ കുഞ്ഞിനെ ദൈവാലയത്തിൽ പുരോഹിതന് മുമ്പിൽ സമർപ്പിച്ച ഹന്നയിലും നാം കാണുന്നത്. വൈകാരികമായ സ്നേഹബന്ധത്തേക്കാളുപരി തങ്ങളുടെ കുഞ്ഞുങ്ങളിൽ ദൈവഹിതത്തിന് പ്രാധാന്യം നൽകുവാൻ ഈ അമ്മമാർക്ക് സാധിച്ചു. എക്കാലത്തേയും അമ്മമാരേക്കുറിച്ചുള്ള ദൈവഹിതവും അതാണെന്ന് ഇവർനമ്മെ ഓർമ്മിപ്പിക്കുന്നു.

"തങ്ങൾക്കുവേണ്ടി തന്നെ ജീവിക്കുന്ന മക്കളെ" യാണ് നാം ഇന്ന് നമ്മുടെ ഭവനങ്ങളിൽ രൂപപ്പെടുത്തി എടുക്കുന്നത്. Shopping Mall-കളിലും amuzment park -കളിലുമായി നാം അവരെ കൊണ്ടുനടക്കുമ്പോൾ അവർക്ക് നഷ്ടമാകുന്നത് ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളാണ്. മനുഷ്യജീവിതത്തിലെ ദു:ഖങ്ങളും ദുരിതങ്ങളും ഇന്നത്തെ തലമുറയുടെ കണ്ണുകളിൽ നിന്നും മറയ്ക്കപ്പെടുന്നു. സ്വന്തംകാര്യം മാത്രം നോക്കുന്ന കുഞ്ഞുങ്ങളായി അവർ മാറുന്നില്ലേ? ഇവിടെയാണ് മറിയ നമ്മിൽനിന്ന് വേറിട്ട് നിൽക്കുന്നത്. ലോകത്തിന്റെ രക്ഷയ്ക്കായി സ്വന്തം മകനെ രൂപപ്പെടുത്തിയെടുക്കുവാൻ മറിയയ്ക്ക് സാധിച്ചു. യേശുവിന്റെ പരസ്യശുശ്രൂഷയിൽ ഒരിടത്തും സ്വാർത്ഥതയോടെ മകനെ പിന്തിരിപ്പിയ്ക്കുന്ന ഒരിടപെടൽ മറിയ നടത്തിയതായി നാം കാണുന്നില്ല. എല്ലാവരാലും സ്വന്തം മകൻ പരിഹസിയ്ക്കപ്പെടുമ്പോഴും, തള്ളപ്പെടുമ്പോഴും ക്രൂശിന്റെ ചുവടോളം തന്റെ മകന് പിന്തുണയായി മറിയ യേശുവിനെ അനുധാവനം ചെയ്യുന്നു. ദൈവഹിതത്തെ തിരിച്ചറിയുന്നതിനും അതിനായി തന്നെതന്നെ സമർപ്പിയ്ക്കുന്നതിനും മറിയയിലെ ദൈവവിശ്വാസം ക്രിസ്തുവിനെ ഇടയാക്കിയെന്നുവേണം കരുതാൻ. കാരണം പിതാവായ ദൈവത്തിന്റേഹിതത്തിന് തന്നേക്കാൾ മുമ്പ് സ്വന്തജീവിതത്തെ ഏൽപ്പിച്ച്കൊടുത്ത ശക്തമായ മാതൃകകാട്ടിയ അമ്മയാണ് യേശുവിന് ഉണ്ടായിരുന്നത് ഇത് മാതൃത്വത്തിന് മറിയ എക്കാലവും നൽകുന്ന ഉദാത്തമായ മാതൃകയാണ്. സ്വന്തം ജീവിതാനുഭവങ്ങളിലൂടെ മകനെ അവന്റെ ജീവിതത്തിന്റെ ഉദ്ദേശം, ദൗത്യം ദൈവവുമായുള്ള ബന്ധത്തിൽ കണ്ടെത്തുവാനും പരിപോഷിപ്പിക്കുവാനും മറിയയ്ക്ക് സാധിച്ചു. Discovery and Cultivation of mission before God, ഈയൊരു തലത്തിലേക്ക് നമ്മുടെ ജീവിതവും നമ്മെ ഏൽപ്പിച്ചിരിയ്ക്കുന്ന കുഞ്ഞുങ്ങളുടെ ജീവിതവും രൂപപ്പെടുത്തിയെടുക്കുക എന്ന മഹനീയമായ മാതൃത്വത്തിന്റെ ദർശനം മറിയ നൽകുന്നു.

ലോകത്തിനുവേണ്ടി ജീവിയ്ക്കുന്ന മക്കൾ നമ്മിൽ നിന്നും ഉണ്ടാകുവാനായി നമുക്ക് പ്രാർത്ഥിക്കാം. "മാനവ സേവയാണ് യഥാർത്ഥ ഈശ്വര സേവയെന്ന്" കർമ്മംകൊണ്ട് തെളിയിച്ച മദർ തെരേസ കത്തോലിക്ക സഭയിൽ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട ഈ സന്തോഷാവസരത്തിൽ ഇപ്രകാരമുള്ള നല്ലമാതൃകകളെ നമുക്കും പിന്തുടരാം. അതാകട്ടെ ക്രിസ്തുമസ് കാലത്തെ നമ്മുടെ പ്രാർത്ഥന.

do we think that jesus incarnation is simply a past event which has nothing to do us personally? believing in jesus means giving him our fleshwith the humility and courage of mary, so that he can continue to dwell in our midst. (Pope Francis).

**ദൈവഹിതത്തിനായി ഏൽപ്പിച്ച്കൊടുക്കുമ്പോൾ നേരിടുന്ന പ്രതിസന്ധികളെ ധൈര്യപൂർവ്വം ഏറ്റെടുക്കുന്ന മാതൃത്വത്തിന്റെ മഹനീയമാതൃക**

വിവാഹത്തിന് മുമ്പ് സ്വീകരിക്കപ്പെടുന്ന മാതൃത്വം- അത് ഉയർത്തിയ പ്രതിസന്ധികൾ ധൈര്യപൂർവ്വം നേരിടുവാൻ മറിയയ്ക്ക് സാധിച്ചു. യഥാർത്ഥമായ ആത്മീയത എന്നത് ജീവിതത്തെ അതേപടി സ്വീകരിയ്ക്കുവാനും സ്നേഹിക്കുവാനും സാധിക്കുക എന്നതാണെന്ന് മറിയ പഠിപ്പിക്കുന്നു. ഇന്നും പലരീതിയിലുള്ള പ്രതിസന്ധികൾ ഭവനങ്ങളിൽ നേരിടുമ്പോൾ തളർന്നുപോകാതെ മറിയയെപ്പോലെ പിടിച്ച്നിൽക്കുവാൻ നമുക്ക് സാധിക്കണം. പ്രതിവിധിയില്ലാത്ത പ്രിതിസന്ധികളുടെ മധ്യത്തിൽ നട്ടംകറങ്ങുന്ന മനുഷ്യർക്ക് ആനന്ദത്തോടും സഹനത്തോടും കൂടെ അതിനെ അഭിമുഖികരിക്കുവാൻ മറിയ കരുത്ത് നല്കുന്നു. സഹനങ്ങളെല്ലാം ഉത്ഥാനത്തിലേക്കുള്ള ചിറക് വിരിക്കലായി നമുക്ക് കാണാം. പ്രശ്നങ്ങൾകൊണ്ട് നിറഞ്ഞലോകത്തിൽ ദൈവകൃപയിലൂടെ ലഭിയ്ക്കുന്ന വിശ്വാസം എന്ന വിളക്ക് മറിയയേപ്പോലെ അണയാതെ നമുക്കും സൂക്ഷിയ്ക്കാം. Mary's faith was a little flame burning in the night, a little light flickering in the darkness. her flame small but bright, remained burning untill the dawn of resurrection. what is our faith like? like mary do we keep it burning even in times of difficulty, in moment of darkness?.

കൂദാശകളിലൂടെയും കൂട്ടായ്മകളിലൂടെയും നമുക്ക് ലഭ്യമാകുന്ന അദൃശ്യമാകുന്ന ദൈവകൃപ എല്ലാ പ്രതിസന്ധികളെയും അഭിമുഖികരിക്കുവാൻ, വിശ്വാസമുള്ള മാതാപിതാക്കളായി മാറുവാൻ, വിശ്വാസത്തിന്റെ തീജ്വാല മറിയയേപ്പോലെ അണയാതെ സൂക്ഷിക്കുവാൻ നല്ല മാതൃത്വത്തിന് ഉടമകളായി തീരുവാൻ നമ്മെ ശക്തീകരിക്കട്ടെ. അതാകട്ടെ ഈ ക്രിസ്തുമസ് കാലത്തെ നമ്മുടെ പ്രാർത്ഥന.

**അടൂർ ഭദ്രാസന സേവികാസംഘത്തിന്റെയും യുവജന സഖ്യത്തിന്റെയും ആഭിമുഖ്യത്തിൽ ക്രമീകരിച്ചിരിക്കുന്ന ബ്ലൂം ഫെസ്റ്റ്- 2016**

**നവംബർ 11,12,13 തീയതികളിൽ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ**

**എക്യുമെനിക്കൽ സംഗമം** 2016 നവംബർ 13 ഞായർ 3.30 PM

**ക്രിസ്മസ് ഗാനസന്ധ്യ** 2016 ഡിസംബർ – 11–ാം തീയതി ശനിയാഴ്ച 5 PM ന് സ്പിരിച്ച്വാലിറ്റി സെന്ററിൽ

**സേവികാസംഘം ഏകദിന സമ്മേളനം** – 2016 നവംബർ 15–ാം തീയതി പന്തളം മാർത്തോമ്മാ പള്ളിയിൽ

**യുവജനസഖ്യം നേതൃത്വ പരിശീലനം** – 2016 സെപ്റ്റംബർ 25 ഞായർ, 2.30 PMന് അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ

**ഭദ്രാസന യുവജനസഖ്യം കലാമേള** – 2016 നവംബർ 27 ശനിയാഴ്ച അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ

# നന്മ നിറഞ്ഞ നാളെയ്ക്കായ്

'Lighted to Lighten' എന്ന നമ്മുടെ ആപ്തവാക്യത്തെ അന്വർത്ഥമാക്കുന്ന ഒരു വേറിട്ട അനുഭവമായിരുന്നു ജൂലൈ 15 മുതൽ ജൂലൈ 17 വരെയുള്ള ദിവസങ്ങളിൽ അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ചു നടന്ന യുവജന സംഖ്യത്തിന്റെ 'നേതൃത്വ പരശീലന കളരി' ഈരണ്ട് ദിനരാത്രങ്ങളിലൂടെ യൗവ്വനങ്ങളെ ജീവന്റെ സമഗ്രതയിലേക്ക് എപ്രകാരം നയിക്കണമെന്ന ബോധ്യമുണ്ടായി. വന്നതിനേക്കാൾ കുറെക്കൂടി മികച്ചവരായാണ് ഓരോ ക്യാമ്പ് അംഗങ്ങളും മടങ്ങിപ്പോയത്. ഒരു തിരിനാളമായി സ്വയം പ്രകാശിച്ച് ആ ജീവന്റെ പ്രകാശം ഇരുളടഞ്ഞ ജീവിതങ്ങളിലേക്ക് പകർന്നുനൽകുവാനുള്ള ഊർജ്ജവുമായാണ് ഓരോരുത്തരും തിരികെപോയത്. ചാരം മൂടിക്കിടക്കുന്ന കനൽപോലെ നമ്മുടെ ഉള്ളിന്റെ ഉള്ളിൽ കുഴിച്ചിടപ്പെട്ട നമ്മുടെ താലന്തുകളെ പുറത്തുകൊണ്ടുവരുവാനും അത് ദൈവരാജ്യ മഹിമയ്ക്കായും മറ്റുള്ളവർക്ക് പ്രയോജനപ്രദമാകുംവണ്ണവും ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും ക്യാമ്പിലൂടെ തിരിച്ചറിഞ്ഞു. ഓരോ ക്യാമ്പംഗങ്ങളും സമൂഹത്തിന്റെ നന്മക്കുവേണ്ടി ചെയ്യുന്നതും ചെയ്യുവാനുള്ളതുമായ നല്ല നല്ല ആശയങ്ങൾ പങ്കുവച്ചപ്പോൾ നല്ലൊരു നന്മനിറഞ്ഞ നാളേക്കായുള്ള ഒരു പുതുപുത്തൻ നാമ്പ് അവിടെ രൂപംകൊണ്ടു. നമ്മുടെ ജീവിതത്തിലെ വസന്തകാലമായ യൗവ്വനം ആരാലും, എന്തിനാലും തുച്ഛീകരിക്കപ്പെടേണ്ട ഒന്നല്ല, പകരം ക്രിസ്തുവിലൂടെ ക്രിസ്തുവിനുവേണ്ടി ജീവിച്ച് മറ്റുള്ളവർക്ക് മാതൃകയുള്ള നല്ല ക്രിസ്ത്യാനികളായി അതിലുപരി പ്രകൃതിയേയും തങ്ങളുടെ സഹജീവികളേയും സ്നേഹിക്കുകയും ചെയ്യുന്ന മനുഷ്യത്വമുള്ള നല്ല മനുഷ്യരായി ജീവിക്കുവാനുള്ളതാണ്. ഓരോരുത്തരുടേയും ഉള്ളിൽ അതിനായുള്ള കെടാത്ത അഗ്നി കോറിയിട്ടുകൊണ്ടാണ് ക്യാമ്പിന് വിരാമം ഇട്ടത്.

**കൃപ. റ്റി റെജി**
**കലയപുരം ശാലേം**

## മാർത്തോമസഭ അടൂർ ഭദ്രാസന വികസനസംഘം

2016 ജൂൺ മാസം 24–ാം തീയതി രാവിലെ 10 മണിക്ക് അടൂർ സ്പിരിചാലിറ്റി സെന്ററിൽവെച്ച് അടൂർഭദ്രാസനത്തിൽ, കേന്ദ്രത്തിൽരജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാം ഇടവകകളിൽ നിന്നും വികസനസംഘം ചുമതലക്കാർക്കുവേണ്ടി നടത്തിയ പഠനക്ലാസ്സ് അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ റവ. സ്ക്കറിയ എബ്രഹാം അച്ചൻ അദ്ധ്യക്ഷം വഹിച്ചു. ബഹുമാനപ്പെട്ട റവ.പി.ജെ.വർഗ്ഗീസ് അച്ചൻ ധ്യാനപ്രസംഗം നടത്തി.

വേൾഡ് വിഷൻ പ്രവർത്തകനായിരുന്ന ഡോ. സുശീൽ ശാമുവേൽ (ലോകബാങ്ക് കൺസൽട്ടന്റ്) ഇടവക വികസന സംഘത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സിനു നേതൃത്വം നൽകി. തുടർന്ന് കാർഡിന്റെ മുൻഡയറക്ടറായി പ്രവർത്തിച്ച് അഭിവന്ദ്യ ഉമ്മൻവർക്കി അച്ചൻ പ്രാദേശിക " ഇടവകവികസന സംഘങ്ങളുടെ ശാക്തീകരണം വികസന മതേതര സാക്ഷ്യത്തിന് എന്ന വിഷയത്തെ വിശദീകരിച്ച് ക്ലാസ്സിന് നേതൃത്വം നൽകി.

തുടർന്ന് ഭദ്രാസന യുവജനസഖ്യവും വികസനസംഘവും സംയുക്തമായി നടപ്പാക്കുവാനുദ്ദേശിക്കുന്ന **'ഓണത്തിന് ഒരുമുറം പച്ചക്കറി'** എന്ന പദ്ധതിയുടെ ഉദ്ഘാടനം സെന്റർ സെക്രട്ടറി മാവുവിത്തുകൾ നല്കികൊണ്ട് അഭിവന്ദ്യ തിരുമേനി നിർവഹിച്ചു.

സി. ഡാനിയേൽ (ഭദ്രാസന വികസനസംഘം സെക്രട്ടറി)

Youth Corner



ശ്രീമതി. അഞ്ജന റെജി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
ബെഥേൽ മാർത്തോമ്മാ ചർച്ച്
പോരുവഴി

# കൗമാരവും ശാരീരിക മാറ്റങ്ങളും

ശാരീരികമായ ശീഘ്രവളർച്ച കൗമാരക്കാരെ അസ്വസ്ഥരാക്കുന്നു ഇത് അവരിൽ മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ആൺകുട്ടികളിൽ 14 നും 15 നും ഇടയ്ക്ക് പ്രായത്തിൽ ശരീരത്തിൽ നിന്ന് രണ്ട് ഹോർമോൺസ് ഉദ്പാദിപ്പിക്കാൻ തുടങ്ങുന്നു. androgen ഉം testosteron ഉം ഈ ഹോർമോൺസ് ഉദ്പാദിപ്പിക്കുന്നത് വൃഷ്ണങ്ങളിൽ നിന്നാണ്.

androgen ഹോർമോൺസിന്റെ സഹായത്താൽ ഉണ്ടാകുന്ന മാറ്റങ്ങൾ ശബ്ദം മുഴക്കമുള്ളതാകുന്നു, ഉറച്ച ശരീരപ്രകൃതി, മുഖത്തും, നെഞ്ചത്തും, കക്ഷത്തിലും, ഗുഹ്യഭാഗത്തും, രോമവളർച്ചയുണ്ടാകുന്നു, കഴുത്തിന് വണ്ണം വയ്ക്കുന്നു, ലൈംഗിക വികാരത്തിനും , ഉല്പാദന ശേഷിക്കും കളമൊരുക്കുന്നത് testosterone hormone ആണ്. ഇതിന്റെ ഉത്പാദനം കൂടുതൽ നടക്കുന്നത് 25-35 വയസ്സിനിടയ്ക്കാണ്. വൃഷ്ണങ്ങളിൽ നിന്നാണ് ബീജം(sperm) ഉണ്ടാകുന്നത്. സ്ത്രീയും പുരുഷനും ലൈംഗികമായി ബന്ധപ്പെടുമ്പോൾ പുരുഷന്റെ ബീജവും സ്ത്രീയുടെ അണ്ഡവും തമ്മിൽ കൂടിച്ചേരുന്നു. ഈ സമയത്ത് ബീജം അതിന്റെ വാൽ ഉപേക്ഷിക്കുന്നു. പുതിയ ഒരു സെൽ (foetus) രൂപം കൊള്ളുന്നു. 23 chromosomes അച്ഛനിൽ നിന്നും 23 chromosome അമ്മയിൽ നിന്നും വന്ന് 46 chromosome ഉള്ള ഒരു പുതിയ cell ഉണ്ടാകുന്നു.

പെൺകുട്ടികളിൽ 12-13 വയസ്സാകുമ്പോഴേക്കും ശരീരത്തിൽ നിന്ന് രണ്ട് ഹോർമോൺസ് ഉദ്പാദിപ്പിക്കപ്പെടുന്നു. estrogen progestrone ഉം. estrogen ഹോർമോൺസിന്റെ സഹായത്താലുണ്ടാകുന്ന മാറ്റങ്ങൾ സ്തനങ്ങൾ വികാസം പ്രാപിക്കുന്നു, ആർത്തവമുണ്ടാകുന്നു (menstruation) ഗർഭാശയവും (uterus) അണ്ഡാശയവും (ovaris) വളർച്ച പ്രാപിക്കുന്നു, അരക്കെട്ട് വികസിക്കുന്നു, കക്ഷത്തിലും ഗുഹ്യഭാഗത്തും രോമവളർച്ച ഉണ്ടാകുന്നു, ശബ്ദം മധുരമാകുന്നു, നാണം ഉണ്ടാകുന്നു. ഒരാർത്തവം തുടങ്ങി അടുത്ത ആർത്തവം ആരംഭിക്കുന്നത്വരെയുള്ള കാലഘട്ടത്തയാണ് ആർത്തവ ചക്രം എന്നുപറയുന്നത്. സാധാരണ 28 ദിവസം കൂടുമ്പോഴാണ് ഉണ്ടാകുന്നത്. വന്നുകഴിഞ്ഞാൽ 3- 5 ദിവസം വരെ നീണ്ടുനിൽക്കാറുണ്ട്. രക്തം തുടർച്ചയായി ഒഴുകുന്നില്ല. ഗർഭാശയഭിത്തിയുടെ സങ്കോചം അനുസരിച്ച് ഇടവിട്ട് രക്തം പുറത്തേക്ക് പോകുന്നു. ഒരു ആർത്തവത്തിൽ 100 മില്ലി ലിറ്റർ രക്തം നഷ്ടപ്പെടുന്നു.

ഒരു പെൺകുട്ടി ജനിക്കുമ്പോൾ തന്നെ ലക്ഷക്കണക്കിന് അണ്ഡം( egg) അവരുടെ അണ്ഡാശയത്തിൽ രൂപപ്പെടുന്നു. കൗമാര പ്രായം എത്തുമ്പോൾ estrogen ഹോർമോൺസിന്റെ , സഹായത്താൽ അണ്ഡം പക്വത പ്രാപിച്ച് fallopian tube - ലൂടെ കടന്ന് ഗർഭാശയത്തിൽ എത്തുന്നു. ഈ സമയത്ത് കുഞ്ഞിന് കിടക്കുന്നതിനുവേണ്ടി രക്തംകൊണ്ടുള്ള ഒരു കിടക്ക ഗർഭാശയത്തിൽ രൂപപ്പെട്ടിട്ടുണ്ടാകും. കുഞ്ഞിനു വേണ്ടുന്നതായ ഭക്ഷണവും, ഓക്സിജനും ഇവിടെനിന്നു ലഭിക്കുന്നു. രണ്ട് അണ്ഡാശയത്തിൽ നിന്നും മാറിമാറി അണ്ഡം പക്വതപ്രാപിക്കുന്നു. ഒരു അണ്ഡാശയത്തിൽ നിന്ന് മാത്രം അണ്ഡം വരുന്നില്ല. ഒരു അണ്ഡത്തിനു 1½ mm വലിപ്പം ഉണ്ട്. വൃത്താകൃതിയായിരിക്കും. ഒരു അണ്ഡത്തിലേക്ക് ഒരു ബീജത്തിനുമാത്രമേ പ്രവേശനമുള്ളു. അണ്ഡത്തിന്റെയും ബീജത്തിന്റെയും nucleus തമ്മിൽ കൂടിച്ചേർന്നിട്ടില്ലെങ്കിൽ ഗർഭാശയത്തിൽ രൂപപ്പെട്ടിട്ടുള്ള രക്തം കൊണ്ടുള്ള കിടക്ക പൊട്ടിപോകുന്നു. ഈ രക്തം പുറത്തേക്കുവരുന്നു. ഇതിനെ ആർത്തവം എന്നു പറയുന്നു.

(...തുടരും)

## ഹരിതാഭം 2016

മാർത്തോമ്മ സഭ അടൂർ ഭദ്രാസന യുവജനസഖ്യത്തിന്റെയും ഭദ്രാസന വികസന സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച പദ്ധതിയാണ് ഹരിതാഭം

"എല്ലാവരും കൃഷിയിലേക്ക് തിരിയുക

കൃഷി ജീവിത ശൈലിയുടെ ഭാഗമാക്കുക"

എന്ന സന്ദേശം യുവജനങ്ങളിലും സഭാജനങ്ങളിലും എത്തിക്കുക എന്നതായിരുന്നു ഉദ്ദേശം. " ജൈവകൃഷി ഒരു ജീവിത ശൈലിയാണ് അതൊരു സംസ്കാരമാണ്. വായു, മണ്ണ്, ജലം എന്നിവയോട് ബന്ധപ്പെട്ട് ഒരു ജൈവസംസ്കാരം രൂപപ്പെടുത്തുക... അഭിവന്ദ്യ എബ്രഹാം മാർ പൗലോസ് തിരുമേനിയുടെ വാക്കുകൾ ഈ പ്രവർത്തനങ്ങൾക്ക് ആത്മപ്രചോദനം നല്കുന്നു. ഓണത്തിനു ഒരു മുറംപച്ചക്കറി" എന്ന ലക്ഷ്യം ഇന്നു സാക്ഷാത്കരിച്ചിരിക്കുന്നു. ഈ പദ്ധതിയെ ചങ്കിലേറ്റി സാക്ഷാത്കരിച്ച വൈദീകർ, ആത്മായർ, സംഘാടകർ, വ്യക്തികൾ ഏവരേയും അഭിനന്ദിക്കുന്നു. ഈ വർഷത്തെ ഓണസദ്യ സ്വന്തം കൈകൊണ്ട് നിർമ്മിച്ച വിഷരഹിതമായ പച്ചക്കറിയിൽ രൂപപ്പെടുത്താൻ സഹായിച്ച ദൈവത്തിനു നന്ദി, സഹകരിച്ച ഏവർക്കും അഭിനന്ദനം. ഹെർമോൻ കാർഷിക അവാർഡ് നൽകുന്നതിനുള്ള ക്രമീകരണം ചെയ്തു വരുന്നു

**മനോജ് മാത്യു കുളക്കട**

## എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഭദ്രാസനാംഗങ്ങൾക്ക് അഭിനന്ദനങ്ങൾ



**ജിൻസി എൽസാ സാബു**
തേപ്പുപാറ സെന്റ് തോമസ്



**ജിബി ജോർജ്ജ്**
തേപ്പുപാറ സെന്റ് തോമസ്



**മിനി രാജു**
മുട്ടം ശാലേം



**ആഷ്‌ലി ആൻ മാത്യു**
പത്തനാപുരം ഇമ്മാനുവേൽ



**നിതിൻ വർഗീസ്**
പത്തനാപുരം ഇമ്മാനുവേൽ



**അനീറ്റ അനിയൻ**
ചുനക്കര സെന്റ് തോമസ്



**ചാരു എ. സജി**
തേവലക്കര ഇമ്മാനുവേൽ



**അജീഷ്‌രാജ് എസ്.ആർ.**
തേവലക്കര ഇമ്മാനുവേൽ

**B.Com with Computer Application IInd Rank**



**റ്റിനി വി. ഉമ്മൻ**
ചുനക്കര സെന്റ് തോമസ്

# പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി
**ലില്ലിക്കുട്ടി ബിജു, ഇലവുംതുണ്ടിൽ വീട്, കുളക്കട**

### കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. പുഴയോരങ്ങളിൽ
2. പാപം
3. ഭഗവത്ഗീതയിലെ വിശ്വരൂപദർശനം
4. വിദ്യാർത്ഥി
5. വിഷാദരോഗം
6. സജയ്കുമാർ
7. വികാരങ്ങൾ

### ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. ഗുരു എന്തു നീക്കുന്നവനാണ്?
2. വിദ്യാഭ്യാസം എന്തിനുള്ളതാകരുതേ?
3. ദൈവം സൃഷ്ടിച്ച ഏറ്റവും മനോഹരവും ഉദാത്തവുമായ ഘടകം?
4. വിശ്വാസപാതയിൽ ഒരു നൂറ്റാണ്ടിന്റെ ശബ്ദം ആര്?
5. നാം രൂപപ്പെടുത്തേണ്ട സംസ്കാരം ഏതാണ്?
6. മാനവസേവയാണ് യഥാർത്ഥ ഈശ്വരസേവയെന്ന് കർമ്മംകൊണ്ട് തെളിയിച്ചതാര്?
7. ശക്തമായ മാതൃസങ്കല്പത്തിന് ഉദാഹരണം?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2016 നവംബർ 10**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. വിജയിക്കുള്ള സമ്മാനം ഭദ്രാസന കൺവൻഷനോട് ചേർന്ന് നൽകപ്പെടുന്നതാണ്. തുടർന്നും ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

എഡിറ്റർ

# ഭദ്രാസന ക്ലർജി കോൺഫറൻസ്

**2016 നവംബർ 7 മുതൽ 10 വരെ@സൃഷ്ടി ഗാർഡൻ റിസോർട്ട്, ഓൾഡ് കുറ്റാലം**

## *Widows & Single Parents* സംഗമം

**2016 ഒക്ടോബർ 25-ന്**
**അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ**
**രാവിലെ 10 മണി മുതൽ**

From ROOTS to FRUITS...



Admissions are Open

# MAR THOMA RESIDENTIAL SCHOOL

KALAYAPURAM

CBSE SYLLABUS

- ADVANCED TEACHING METHODS
- SMART CLASS
- LANGUAGE LAB
- COMPUTER LAB
- MIND LAB
- MULTIMEDIA CENTER
- SWIMMING POOL
- YOGA COURT
- NATURE FRIENDLY CAMPUS

From **Play Class** to **Std. IV**



Zion Kunnu, Kulakkada P.O. Kollam- 691 521, Ph:0474- 2616996, 8547331366

Email: mtrskalayapuram@gmail.com

Web: marthomaschool.org




Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas